## പതിനഞ്ചാം കേരള നിയമസഭ

# മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതി
# (2023-2026)

## നാലാമത് റിപ്പോർട്ട്

(2024 ജൂലൈ 10-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[2022 ജനുവരി 1 മുതൽ 2023 ഡിസംബർ 31 വരെ പരിഗണിച്ച ഹർജികൾ സംബന്ധിച്ച് ]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

**പതിനഞ്ചാം കേരള നിയമസഭ**

# മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതി
# (2023-2026)

**നാലാമത് റിപ്പോർട്ട്**

(2024 ജൂലൈ 10-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[2022 ജനുവരി 1 മുതൽ 2023 ഡിസംബർ 31 വരെ പരിഗണിച്ച ഹർജികൾ സംബന്ധിച്ച് ]**

## ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| സമിതിയുടെ ഘടന | | ... | v |
| ആമുഖം | | ... | viii |
| റിപ്പോർട്ട് | | ... | 1 |
| അനുബന്ധം I | ബുള്ളറ്റിൻ | ... | 8 |
| അനുബന്ധം II | സമിതിക്ക് ലഭിച്ച ഹർജികളിൽ സർക്കാരിൽ നിന്ന് അനുകൂല മറുപടി ലഭിച്ചവ സംബന്ധിച്ച വിവരം | ... | 9 |
| അനുബന്ധം III | സർക്കാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി അവസാനിപ്പിച്ച ഹർജികൾ സംബന്ധിച്ച പട്ടിക | ... | 14 |
| അനുബന്ധം IV | സമിതിയുടെ പരിഗണനയിലിരിക്കുന്ന ഹർജികൾ സംബന്ധിച്ച പട്ടിക | ... | 25 |
| അനുബന്ധം V | ശിപാർശകളുടെ പട്ടിക | ... | 46 |
| അനുബന്ധം VI | വിനോദസഞ്ചാര വകുപ്പിന്റെ ഉത്തരവിന്റെ പകർപ്പ് | ... | 49 |

## മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതി
## (2023-2026)

### ഘടന

<u>അദ്ധ്യക്ഷൻ</u> :-

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ, എം.എൽ.എ.

<u>അംഗങ്ങൾ</u> :-

ശ്രീ. പി. അബ്ദുൽ ഹമീദ്, എം.എൽ.എ.

ശ്രീ. അഹമ്മദ് ദേവർകോവിൽ, എം.എൽ.എ.

ശ്രീ. സി. കെ. ഹരീന്ദ്രൻ, എം.എൽ.എ.

ശ്രീ. ജോബ് മൈക്കിൾ, എം.എൽ.എ

ശ്രീ. പി. മമ്മിക്കുട്ടി, എം.എൽ.എ.

ശ്രീ. കെ. പി. മോഹനൻ, എം.എൽ.എ.

ശ്രീ. വാഴൂർ സോമൻ, എം.എൽ.എ.

ശ്രീ. ടി. ജെ. വിനോദ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

ഡോ. എൻ. കൃഷ്ണ  കുമാർ., സെക്രട്ടറി

ശ്രീ. വേണുഗോപാൽ ആർ., ജോയിന്റ് സെക്രട്ടറി

ശ്രീ. അനിൽ കുമാർ ബി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി. ഷീജ പി. കെ., അണ്ടർ സെക്രട്ടറി

# ആമുഖം

പതിനഞ്ചാം കേരള നിയമസഭയിലെ മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതി(2023-2026) യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2022 ജനുവരി 1 മുതൽ 2023 ഡിസംബർ 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച ഹർജികളും അവ സംബന്ധിച്ച് സർക്കാരിൽ നിന്ന് ലഭിച്ച റിപ്പോർട്ടുകളും അതിന്മേലുള്ള സമിതിയുടെ അഭിപ്രായങ്ങളും നിഗമനങ്ങളും ശിപാർശകളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്. സർക്കാരിൽ നിന്ന് അനുകൂല മറുപടി ലഭിച്ച ഹർജികൾ, സർക്കാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി അവസാനിപ്പിച്ച ഹർജികൾ, സർക്കാരിൽ നിന്ന് മറുപടി ലഭിക്കേണ്ട ഹർജികൾ എന്നിവ സംബന്ധിച്ച വിവരം റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിരിക്കുന്നു.

2024 ജൂലൈ 08 -ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
അദ്ധ്യക്ഷൻ,
മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതി

തിരുവനന്തപുരം,
2024 ജൂലൈ 10

# റിപ്പോർട്ട് (കരട്)

ജനനമരണങ്ങൾക്കിടയിൽ ഓരോ മനുഷ്യനും, ബാല്യം, കൗമാരം, യൗവനം, വാർദ്ധക്യം എന്നീ നാല് ഘട്ടങ്ങളിലൂടെയാണ് കടന്നു പോകുന്നത്. ഇതിൽ ആദ്യ മൂന്ന് ഘട്ടങ്ങളിലും പൊതുവെ ബന്ധുജനങ്ങളുടെ സംരക്ഷണവും സമൂഹത്തിന്റെ നിസ്വാർത്ഥമായ പൂർണ്ണസഹകരണവും ലഭിക്കുമെങ്കിലും മനുഷ്യന്റെ രണ്ടാം ശൈശവമാണെന്ന് വിശേഷിപ്പിക്കുന്ന വാർദ്ധക്യത്തിൽ എത്തുമ്പോൾ ഇത്തരത്തിലുള്ള സംരക്ഷണവും സഹകരണവും അപ്രാപ്യമാകുന്ന സാഹചര്യമാണ് ലോകത്താകമാനം നിലനിൽക്കുന്നത്. തങ്ങളുടെ ആരോഗ്യവും സമ്പത്തും പ്രയത്നവുമെല്ലാം കുടുംബത്തിന്റെ നന്മക്കും പുരോഗതിക്കും വേണ്ടി ചെലവഴിച്ചതിനു ശേഷം വാർദ്ധക്യത്തിൽ എത്തുമ്പോൾ മക്കൾപോലും അവരെ സംരക്ഷിക്കുന്നില്ലായെന്നത് വളരെ ദുഃഖകരമായ അവസ്ഥയാണ്. പരമ്പരാഗത ഭാരതീയസംസ്കാരത്തിലും സാമൂഹ്യക്രമങ്ങളിലും കുടുംബങ്ങൾക്ക് നൽകിയിരുന്ന സാമൂഹ്യ സുരക്ഷാസമ്പ്രദായം പ്രാധാന്യമർഹിക്കുന്നതാണ്. മുതിർന്നവർ അവരുടെ കുടുംബത്തിലും അയൽക്കാരുടെ ഇടയിലും സമൂഹത്തിലും ആദരിക്കപ്പെട്ടിരുന്നു. എന്നാൽ നമ്മുടെ ജീവിതശൈലിയിലും മൂല്യങ്ങളിലും വന്ന മാറ്റങ്ങൾ ഇത്തരത്തിലുള്ള കുടുംബബന്ധങ്ങളിലും വിള്ളൽ ഉണ്ടാക്കിയിരിക്കുന്നു. അണുകുടുംബങ്ങളുടെ ആവിർഭാവത്തോടെ മുതിർന്നവരെ പരിപാലിക്കുന്നതിനുള്ള സംവിധാനങ്ങൾ ദുർബലമായി. വളരെയധികം ചെറുപ്പക്കാർ ഉപജീവനത്തിന് തൊഴിലിനായി മറ്റു ദേശങ്ങളിലേക്ക് പോകാൻ തുടങ്ങിയത് മുതിർന്നവരുടെ ഒറ്റപ്പെടലിന് ആക്കം കൂട്ടി. ഇടനേരങ്ങളിൽ ഒത്തുകൂടാൻ ഒരിടമെന്ന രീതിയിലേക്ക് വീടും കുടുംബവും ചുരുങ്ങിക്കൊണ്ടിരിക്കുന്നു. ഇത്തരമൊരു സാഹചര്യത്തിൽ വാർദ്ധക്യത്തിലെത്തി നിൽക്കുന്ന ഒരു വ്യക്തിക്ക് എത്രത്തോളം പരിഗണന ലഭിക്കുമെന്നത് അതീവ ഗൗരവമായി ചിന്തിക്കേണ്ട വിഷയമാണ്.

2. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ വേഗത്തിലാണ് കേരളത്തിലെ വയോജനങ്ങളുടെ വളർച്ച. 60 വയസിനു മുകളിലുള്ള ജനസംഖ്യ 1961-ൽ 5.1 ശതമാനമായിരുന്നപ്പോൾ ദേശീയ ശരാശരി 5.6 ശതമാനം ആയിരുന്നു. എന്നാൽ 2011-ലെ സെൻസസിൽ മൊത്തം ജനസംഖ്യയായ 3.36 കോടിയിൽ 12.6 ശതമാനം 60 വയസ്സിനു മുകളിൽ പ്രായമുള്ളവരാണ്. വയോജനങ്ങളുടെ ജനസംഖ്യാ വളർച്ച 2.3 ശതമാനവും പ്രത്യേകിച്ച് 70-നും 80-നും ഇടയിലുള്ള പ്രായമായവരിലാണ് വളർച്ച നിരക്ക് കൂടുതലെന്നും സമീപകാല പഠനങ്ങൾ വ്യക്തമാക്കുന്നു. 2025 ആകുമ്പോഴേക്കും നമ്മുടെ ജനസംഖ്യയുടെ 20 ശതമാനം വയോജനങ്ങൾ ആകുമെന്നതിനാൽ സാമൂഹ്യസുരക്ഷാ സംവിധാനത്തിന്റെ ആവശ്യം വളരെ വലിയതോതിൽ ഉണ്ടാകുമെന്നത് നാം നേരിടേണ്ടിവരുന്ന യഥാർത്ഥ്യമാണ്. മുതിർന്ന പൗരന്മാർക്ക് സാമൂഹ്യസുരക്ഷാ നൽകുക എന്നത് അവരോടുള്ള സഹാനുഭൂതിയല്ല, മറിച്ച് അത് അവരുടെ അടിസ്ഥാന മനുഷ്യാവകാശമാണ്. സാമൂഹിക വ്യവസ്ഥിതികളിലുണ്ടാകുന്ന മാറ്റങ്ങൾ കൊണ്ടും കുടുംബവിഷയങ്ങളാലും പാർശ്വവത്കരിക്കപ്പെട്ടുപോകുന്ന വൃദ്ധജനങ്ങളെ മുഖ്യധാരയിലേക്ക് കൈപിടിച്ചു കൊണ്ടുവരുക എന്നത് ഓരോ വ്യക്തിയുടെയും രാജ്യത്തിന്റെയും കടമയാണ്.

3. മുതിർന്ന ജനവിഭാഗങ്ങളുടെ സാമൂഹികവും സാമ്പത്തികവും ആരോഗ്യകരവുമായ പ്രശ്നങ്ങൾക്ക് അടിയന്തര പ്രാധാന്യത്തോടെ പരിഹാരം കാണുന്നതിനായി ജനകീയ സർക്കാരുകൾ പല പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുകയും തുടർനടപടികൾ സ്വീകരിച്ചു വരികയും ചെയ്തുവരുന്നു. സമൂഹത്തിൽ ഒറ്റപ്പെട്ടുപോകുന്ന നിരാലംബരായ വയോജനങ്ങളെ അധിവസിപ്പിക്കുന്നതിനായി സർക്കാർ വൃദ്ധസദനങ്ങളും, സർക്കാർ ഗ്രാന്റോടുകൂടി സ്വകാര്യ വ്യക്തികളും സന്നദ്ധസംഘടനകളും നടത്തുന്ന വൃദ്ധസദനങ്ങളും സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. മുതിർന്ന ജനവിഭാഗങ്ങൾക്ക് പ്രത്യേക ചികിത്സാ സൗകര്യങ്ങളും പരിചരണവും നൽകുന്നതിനായി ജില്ലാ താലൂക്ക് ആശുപത്രികളിൽ ജെറിയാട്രിക് വാർഡുകളും പെയിൻ ആന്റ് പാലിയേറ്റീവ് കെയർ യൂണിറ്റുകളും സൗജന്യ ചികിത്സയും ഡയാലിസിസ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അതിവേഗം എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്ന വൃദ്ധജനങ്ങളുടെ ക്ഷേമത്തിനും സംരക്ഷണത്തിനും ഇത്തരം സർക്കാർ സംവിധാനങ്ങൾ പര്യാപ്തമാണോയെന്ന കാര്യത്തിൽ സംശയമാണ്.

4. പന്ത്രണ്ടാം കേരള നിയമസഭയുടെ കാലയളവിൽ **2010** ജൂലൈ **31**-ന് മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി രൂപീകൃതമായി. വയോജനങ്ങളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനായി സർക്കാർ, സാമൂഹിക സാമ്പത്തിക ആരോഗ്യ മേഖലകളിൽ നടപ്പാക്കി വരുന്ന വിവിധ പദ്ധതികളെ കുറിച്ച് വിശകലനം നടത്തി കാലാനുസൃതമായി അവയിൽ മാറ്റം വരുത്തുന്നതിനും ഇത്തരം പദ്ധതികളുടെ ആനുകൂല്യം അർഹതപ്പെട്ടവർക്ക് കൃത്യമായി ലഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മാത്രമല്ല സ്വഗൃഹത്തിലും സമൂഹത്തിലും നേരിടുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് മുതിർന്ന പൗരന്മാരും അവരുടെ സംഘടനകളും സമർപ്പിക്കുന്ന ഹർജികൾ പരിഗണിക്കുകയും ബന്ധപ്പെട്ട വകുപ്പുകൾ വഴി പരിഹാരം കണ്ടെത്തുകയും ചെയ്തുവരുന്നു. കൂടാതെ മുതിർന്ന പൗരന്മാരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി ക്രിയാത്മകമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി നിരവധി റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുകയും അവയിന്മേൽ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ, ഈ കാലയളവിൽ സമിതിയുടെ ഇടപെടൽ മൂലം വൃദ്ധ സമൂഹം നേരിടുന്ന വിവിധ പ്രശനങ്ങൾക്ക് പരിഹാര നടപടികൾ സ്വീകരിക്കാൻ സർകാക്കറിനെ പ്രേരിപ്പിക്കുന്നതിനും മുതിർന്ന പൗരന്മാർക്കായുള്ള നയരൂപീകരണത്തിൽ സർക്കാരിന് സഹായകരമായ കാതലായ പല ശിപാർശകൾ നൽകുന്നതിനും സമിതിയ്ക്ക് കഴിഞ്ഞിട്ടുണ്ട്. സമിതി സംസ്ഥാനത്തെ വിവിധ ജില്ലകളിലെ സർക്കാർ മേഖലയിലുള്ള വൃദ്ധസദനങ്ങൾ സന്ദർശിക്കുകയും ജില്ലകളിൽ നിന്നും ലഭിക്കുന്ന ഹർജികൾ തെളിവെടുപ്പ് നടത്തി തീർപ്പാക്കുകയും ചെയ്യുന്നുണ്ട്.

5. **2022, 2023** വർഷങ്ങളിൽ ജനുവരി **1** മുതൽ ഡിസംബർ **31** വരെയുള്ള രണ്ട് വർഷ കാലയളവിൽ സമിതി പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ കാലയളവിൽ പതിനഞ്ചാം കേരള നിയമസഭയുടെ **2023–2026** വർഷത്തേക്കുള്ള സമിതി **2024** ജനുവരി **11**-ന് പുനഃസംഘടിപ്പിച്ചു. (അനുബന്ധം I)

6. **2022** ജനുവരി **1** മുതൽ **2023** ഡിസംബർ **31** വരെയുള്ള കാലയളവിൽ സമിതിയുടെ

പരിഗണനക്കായി **102** (**2022-ൽ** **64** എണ്ണം, **2023-ൽ** **38** എണ്ണം) പുതിയ ഹർജികൾ ലഭിക്കുകയുണ്ടായി. ഇവയിൽ ഹർജിക്കാരുടെ വ്യക്തിപരമായ പ്രശ്നങ്ങളും സമൂഹത്തിൽ വയോജനങ്ങൾ പൊതുവായി നേരിടുന്ന പ്രതിസന്ധികളും ഉൾപ്പെട്ടിരുന്നു. പ്രസ്തുത ഹർജികൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകി പ്രശ്നപരിഹാരത്തിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, ഈ കാലയളവിൽ സമിതിയുടെ പരിഗണനയിലുണ്ടായിരുന്ന **127** ഹർജികൾ തീർപ്പാക്കാൻ സമിതിയ്ക്കായിട്ടുണ്ട്.

**7.** **2022** ജനുവരി **1** മുതൽ **2023** ഡിസംബർ **31** വരെയുള്ള കാലയളവിൽ സമിതി **59** (**2022-ൽ** **32** യോഗങ്ങൾ, **2023-ൽ** **27** യോഗങ്ങൾ) യോഗങ്ങൾ ചേർന്നു. ഇവയിൽ **6** എണ്ണം കോഴിക്കോട്, ഇടുക്കി, കണ്ണൂർ, കൊല്ലം ശബരിമല എന്നിവിടങ്ങളിൽ ചേർന്ന തെളിവെടുപ്പ് യോഗങ്ങളും **5** എണ്ണം സമിതിയുടെ അഖിലേന്ത്യാ പഠനപരിപാടിയുടെ ഭാഗമായി ചേർന്നിട്ടുള്ളവയുമാണ്. ശേഷിക്കുന്നവ സമിതിയുടെ പരിഗണനയിലുള്ള വിവിധ ഹർജികളിന്മേൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച റിപ്പോർട്ടുകൾ പുതിയ ഹർജികൾ, തുടർഹർജികൾ എന്നിവ പരിഗണിക്കുന്നതിന് ചേർന്നവയുമാണ്. വയോജനങ്ങളുടെ വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി അവർ സമർപ്പിക്കുന്ന ഹർജികളിന്മേൽ റിപ്പോർട്ട് ലഭ്യമാക്കുന്നതിൽപോലും സർക്കാർ വകുപ്പുകൾ അലംഭാവം കാട്ടാറുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ സമിതി തെളിവെടുപ്പ് യോഗങ്ങൾ ചേരുകയും വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി ഹർജികളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശങ്ങൾ ആരായുകയും ചെയ്യുന്നു. അതോടൊപ്പം തീർപ്പാക്കാൻ കാലതാമസം ഉണ്ടാകുന്ന ഹർജികളിന്മേൽ അടിയന്തര നടപടി സ്വീകരിക്കാൻ കർശന നിർദ്ദേശം നൽകിവരുന്നു. ഈ കാലയളവിൽ **15.06.2022**, **30.06.2023** എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ തദ്ദേശസ്വയംഭരണം, റവന്യൂ, സാമൂഹ്യനീതി എന്നീ വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയുണ്ടായി. റിപ്പോർട്ട് കാലയളവിൽ സമിതിയുടെ ഒന്നാമത് റിപ്പോർട്ട് (**2019** ജനുവരി **1** മുതൽ **2021** ഡിസംബർ **31** വരെ പരിഗണിച്ച ഹർജികൾ സംബന്ധിച്ച്) **2023** ഫെബ്രുവരി **7**-ാം തീയതി സഭയിൽ സമർപ്പിച്ചു.

**8.** വയോജനങ്ങളുടെ ആരോഗ്യപരിപാലനം, ക്ഷേമം എന്നിവ മുൻനിർത്തി സമിതി ചുവടെ പറയുന്ന ശിപാർശകളും നിർദ്ദേശങ്ങളും മുന്നോട്ട് വയ്ക്കുന്നു.

**9.** പകൽ സമയങ്ങളിൽ വയോജനങ്ങൾ നേരിടുന്ന ഒറ്റപ്പെടൽ, വിരസത, സുരക്ഷയില്ലായ്മ തുടങ്ങിയവമൂലം അവർക്കുണ്ടാകുന്ന ശാരീരികവും മാനസികവും സാമൂഹികവുമായ നിരവധി പ്രശ്നങ്ങൾക്ക് പരിഹാരമായി സാമൂഹ്യനീതി വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് 'സായംപ്രഭ ഹോം'. നിലവിൽ സംസ്ഥാനത്തെ പഞ്ചായത്തുകളുടെ കീഴിൽ വയോജനങ്ങൾക്കായി പ്രവർത്തിക്കുന്ന പകൽ കേന്ദ്രങ്ങൾക്ക് അധികസൗകര്യങ്ങൾ നൽകികൊണ്ട് സായംപ്രഭ ഹോമുകളായി അപ്ഗ്രേഡ് ചെയ്യുന്നുണ്ടെന്നും ആദ്യഘട്ടമായ **2017–18** കാലയളവിൽ ഇത്തരത്തിൽ **70** പകൽ കേന്ദ്രങ്ങൾ സായംപ്രഭ ഹോമുകളായി മാറ്റുന്നുതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. വയോജനങ്ങളുടെ സാമൂഹിക ഇടപെടൽ പ്രോത്സാഹിപ്പിക്കുന്ന ഒരു അന്തീക്ഷം സൃഷ്ടിക്കുന്നതിന് ഈ പദ്ധതിയിലൂടെ

സഹായകരമാകുന്നുവെന്ന് വിലയിരുത്തിയ സമിതി തദ്ദേശ സ്വയംഭരണ വകുപ്പുമായി സഹകരിച്ച് ഓരോ സാമ്പത്തിക വർഷവും ഒരു നിശ്ചിത എണ്ണം സായംപ്രഭ ഹോമുകൾ സംസ്ഥാനത്ത് ആരംഭിക്കുന്നതിനും പദ്ധതി സാർവ്വത്രികമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനും ശിപാർശ ചെയ്യുന്നു. ഈ പദ്ധതി പ്രകാരം ആരംഭിക്കുന്ന സായംപ്രഭ ഹോമുകളിൽ വയോജനങ്ങൾക്ക് പരിചരണവും പിന്തുണയും ഉറപ്പ് വരുത്തുന്നതിന് സന്നദ്ധസംഘടന പ്രവർത്തകരിൽ നിന്ന് കെയർടേക്കർമാരെ നിയമിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**10.** സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും വയോജന സഭകൾ രൂപീകരിക്കണമെന്നും അവ കൃത്യമായ ഇടവേളകളിൽ കൂടുന്നതിനും അവയുടെ പ്രവർത്തനങ്ങൾ പഞ്ചായത്തുകളുടെ ഭരണ റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**11.** സംസ്ഥാനത്തെ ജില്ലാ താലൂക്ക് ആശുപത്രികളിൽ ചികിത്സക്കെത്തുന്ന രോഗികളായ മുതിർന്ന പൗരന്മാർക്ക് ക്യൂ നിൽക്കുന്നത് ഒഴിവാക്കുന്നതിനായി നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് പറയുന്നുണ്ടെങ്കിലും മിക്ക ആശുപത്രികളിലും മുതിർന്നപൗരന്മാർ മണിക്കൂറോളം ക്യൂ നിൽക്കേണ്ടിവരുന്നുവെന്ന് സമിതി നിരീക്ഷിക്കുന്നു. ഇത്തരത്തിൽ ക്യൂ നിൽക്കാതെ ഒ. പി. ടിക്കറ്റ് എടുക്കുന്നതിനും ഡോക്ടറെ കാണുന്നതിനും ഫലപ്രദമായ നടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി മനസ്സിലാക്കുന്നു. അക്ഷയ കേന്ദ്രങ്ങളിലൂടെയോ ഇ-ഡിസ്ട്രിക്ട് പോർട്ടൽ മുഖേനയോ മൊബൈൽ ആപ്പ് വഴിയോ സംസ്ഥാനമൊട്ടാകെയുള്ള സർക്കാർ ആശുപത്രികളിലെ ഒ.പി. കൺസൾട്ടേഷന് വയോജനങ്ങൾക്ക് പ്രീ-ബുക്കിംഗ് സൗകര്യം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**12.** സ്വകാര്യ ആശുപത്രികളിൽ വയോജനങ്ങൾക്ക് മുൻഗണന നൽകുന്നതിന് നിലവിലെ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ സ്വകാര്യ ആശുപത്രികളിൽ ഒ. പി. വിഭാഗങ്ങളിൽ വയോജനങ്ങൾക്ക് മുൻഗണന നൽകുന്നതിന് പ്രത്യേക നിയമമുണ്ടാക്കുകയോ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് ഭേദഗതി ചെയ്യുകയോ വേണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**13.** സമിതി മുമ്പാകെ ഉന്നയിക്കുന്ന ഭൂരിഭാഗം ഹർജികളിലെ പ്രധാന ആവശ്യങ്ങളിലൊന്നാണ് പൊതുവാഹനങ്ങളിൽ യാത്രാകൂലിയിൽ ഇളവ് അനുവദിക്കുക എന്നത്. ഇതിനായി സമിതി പലതവണ ശിപാർശ നൽകിയെങ്കിലും കെ.എസ്.ആർ.ടി.സി. കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നു പോകുന്ന സാഹചര്യത്തിൽ പ്രസ്തുത ആവശ്യം പരിഗണിക്കാൻ നിർവ്വാഹമില്ലായെന്നുള്ളതാണ് വകുപ്പിന്റെ ഭാഗത്തു നിന്നും സ്ഥിരം നൽകുന്ന മറുപടിയെന്നും സമിതി വിലയിരുത്തുന്നു. എന്നാൽ സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായും അവശ്യസർവ്വീസ് എന്ന നിലയിലും സാമ്പത്തിക പ്രതിസന്ധി ഉണ്ടാകുന്ന ഘട്ടത്തിൽ സർക്കാർ കെ.എസ്.ആർ.ടി.സി.യെ സഹായിക്കുന്നുണ്ട്. ആയതിനാൽ മുതിർന്ന പൗരന്മാരുടെ നിരന്തരമായ ആവശ്യം പരിഗണിച്ച് നിബന്ധനകൾക്ക് വിധേയമായി മാസത്തിൽ ഒരു യാത്ര

വീതം വർഷത്തിൽ പന്ത്രണ്ട് സൗജന്യ യാത്ര അനുവദിക്കണമെന്നും അതിന്റെ സാമ്പത്തിക ചെലവ് സർക്കാർ കെ.എസ്.ആർ.ടി.സി.ക്ക് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു. വയോജന പെൻഷൻ വാങ്ങുന്നവർക്ക് മുൻഗണന നൽകുന്ന രീതിയിൽ ശിപാർശ നടപ്പിലാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

**14.** മുതിർന്ന പൗരന്മാരിൽ പലരും അവരുടെ ചെറുപ്പകാലത്ത് കലാകായിക മത്സരങ്ങളിൽ പങ്കെടുത്ത് പ്രാവീണ്യം തെളിയിച്ചവരാണ്. ഇപ്പോഴും ഇത്തരം മത്സരങ്ങളിൽ പങ്കെടുത്ത് സമ്മാനങ്ങൾ കരസ്ഥമാക്കുന്നുവെങ്കിലും ഇത്തരം മത്സരങ്ങൾക്ക് പലപ്പോഴും പ്രാതിനിധ്യം ലഭിക്കുന്നില്ലായെന്ന് മനസ്സിലാക്കുന്നു. ഒറ്റപ്പെട്ട് കഴിയുന്ന വയോജനങ്ങളുടെ മാനസികവും ശാരീരികവുമായ ഉണർവ്വിന് ഇത്തരം കലാകായിക മത്സരങ്ങൾ വളരെ പ്രയോജനപ്രദമാകുന്നുവെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ മുതിർന്ന പൗരന്മാർക്ക് അവരുടെ പ്രായത്തിനനുസരിച്ച് പങ്കെടുക്കാൻ കഴിയുന്ന തരത്തിലുള്ള കലാകായിക മത്സരങ്ങൾ തദ്ദേശസ്വയംഭരണസ്ഥാപനാടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്ന മേളകളിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**15.** തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ കർമ്മസമിതികളിൽ വയോജനങ്ങൾക്ക് പ്രാതിനിധ്യം ഉറപ്പാക്കുന്നതിനായി കൃഷിഭവൻ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഉൾപ്പെടെ സർക്കാർ രൂപീകരിക്കുന്ന കമ്മിറ്റികളിൽ അംഗീകൃത വയോജന സംഘടനകളുടെ പ്രതിനിധികളിൽ ഒരാളെയെങ്കിലും ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**16.** ഒറ്റയ്ക്ക് താമസിക്കുന്ന മുതിർന്ന പൗരന്മാരുടെ ക്ഷേമവും സുരക്ഷയും ഉറപ്പാക്കുന്നതിന് വിവിധ പോലീസ് സ്റ്റേഷനുകളിൽ ഒറ്റയ്ക്ക് താമസിക്കുന്ന മുതിർന്നപൗരന്മാരുടെ വീടുകൾ കേന്ദ്രീകരിച്ച് ഇ-പട്ടാബുക്കുകൾ സ്ഥാപിക്കുകയും ഇത്തരം വിടുകളിലേക്ക് കൂടുതൽ ശ്രദ്ധചെലുത്തുന്നതിന് രാത്രികാല പട്രോളിംഗ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിവരികയും ചെയ്യുന്നുണ്ട്. എന്നാൽ മുതിർന്ന പൗരൻമാരുടെ സുരക്ഷ ഉറപ്പാക്കുന്നതിൽ ഇത്തരത്തിലുള്ള സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നില്ലായെന്ന് സമിതി നിരീക്ഷിക്കുന്നു. വയോജനങ്ങൾ ഒറ്റയ്ക്ക് താമസിക്കുന്ന വീടുകൾ സന്ദർശിച്ച് പഞ്ചായത്ത് തലത്തിൽ വിവരങ്ങൾ ശേഖരിച്ച് നിരീക്ഷണ വിധേയമാക്കുന്നതിനും ഇത് സംബന്ധിച്ച് വിവരങ്ങൾ അതത് സ്ഥലത്തെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ അറിയിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് ആഭ്യന്തര വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

**17.** ഇടുക്കി ജില്ലാ സന്ദർശനവേളയിൽ സമിതി മുമ്പാകെ സമർപ്പിക്കപ്പെട്ടിട്ടുള്ള ഭൂരിഭാഗം പരാതികളിലെ ആവശ്യം വീട് അനുവദിക്കുന്നത് സംബന്ധിച്ച് ആയിരുന്നു. മൂന്നാർ മേഖലയിലെ നല്ലൊരു വിഭാഗം ജനങ്ങൾ അവിടുത്തെ എസ്റ്റേറ്റുകളിൽ തൊഴിൽ എടുക്കുന്നവരാണ്. തോട്ടങ്ങളിൽ തൊഴിലെടുക്കുമ്പോൾ ലയങ്ങളിലാണ് തൊഴിലാളികൾ കഴിയുന്നത്. എന്നാൽ വിരമിക്കുന്ന സമയത്ത് അവർ താമസിക്കുന്ന ലയങ്ങൾ കമ്പനികൾക്ക് വിട്ടുനൽകേണ്ടി വരുന്നു. ഇത്തരത്തിൽ ഭവനരഹിതരായ ധാരാളം തൊഴിലാളികൾ മൂന്നാർ മേഖലയിലുണ്ട് എന്ന് സമിതി മനസ്സിലാക്കുന്നു. ഇപ്രകാരം വർഷങ്ങളായി തോട്ടങ്ങളിൽ ജോലി ചെയ്യുകയും വിരമിച്ച ശേഷം

കിടപ്പാടം പോലുമില്ലാതെ ദുരിതമനുഭവിക്കുന്ന ആളുകളെ സർക്കാരിന്റെ വിവിധ പദ്ധതികളിലുൾപ്പെടുത്തി വാസസ്ഥലം ഒരുക്കുന്നതിന് മുൻഗണന നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**18.** തെക്കേ ഇന്ത്യയിലെ സുപ്രധാന തീർത്ഥാടനമാണ് ഒക്ടോബർ മുതൽ ജനുവരി വരെയുള്ള മാസങ്ങളിൽ നടത്തപ്പെടുന്ന ശബരിമല സന്ദർശനം. ലക്ഷക്കണക്കിന് ജനങ്ങളാണ് എല്ലാ വർഷവും ശബരിമല സീസണിൽ മലകയറുന്നത്. അതിൽ ബഹുഭൂരിഭാഗം ആളുകളും മുതിർന്ന പൗരന്മാരാണ്. എന്നാൽ അവർക്ക് അനുയോജ്യമായ പരിസ്ഥിതി - ആരോഗ്യ- ആഹാര സംവിധാനം പുതിയകാലത്തിന് അനുസൃതമായി ശബരിമലയിൽ പ്രായോഗികമാക്കിട്ടുണ്ടോ എന്ന് വിലയിരിത്തുന്നതിനായി കേരള നിയമസഭയുടെ മുതിർന്ന പൗന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി ശബരിമലയും പമ്പയും സന്ദർശിക്കുകയുണ്ടായി. സന്നിധാനത്തേക്കുള്ള വഴിയിൽ ചന്ദ്രാനന്ദൻ റോഡിൽ പരിസ്ഥിതി സൗഹൃദ ഇരിപ്പിടങ്ങൾ ഒരുക്കണമെന്നും പമ്പയിലെ വിശ്രമകേന്ദ്രം മുതിർന്ന പൗരന്മാർക്ക് ഉപയോഗിക്കാൻ കഴിയുന്ന വിധത്തിൽ ക്രമീകരിക്കണമെന്നും, പമ്പയിലെ ടോയ്‌ലറ്റുകളിൽ യൂറോപ്യൻ ക്ലോസറ്റുകൾ ഏർപ്പെടുത്തിയിട്ടുള്ളവയിൽ ആയത് പ്രത്യേകം രേഖപ്പെടുത്തി പ്രദർശിപ്പിക്കണമെന്നും ടോയ്‌ലറ്റുകൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന നിരക്ക് വ്യക്തമായ രീതിയിൽ പ്രദർശിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**19.** കൂടാതെ ശബരിമലയിൽ ബലിതർപ്പണം നടത്തുന്നതിന് ബലിക്കടവ് പുനർനിർമ്മിക്കുന്നതിനുള്ള നടപടി കോടതിയുടെ അനുമതിയോടുകൂടി സ്വീകരിക്കണമെന്നും ശിപാർശ ചെയ്യുന്നു. ഭസ്മക്കുളത്തിലേക്കുള്ള പടികളും ചുറ്റുപാടുകളും വൃത്തിയാക്കണമെന്നും പടികൾ പുതുക്കി പണിയുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**20.** പമ്പ മുതൽ സന്നിധാനം വരെയുള്ള മലകയറ്റം ആണ് ഏറ്റവും പ്രയാസമെന്നും ആ സമയത്താണ് ഹൃദയസംബന്ധമായ അസുഖങ്ങൾ ഉണ്ടാകുന്നതെന്നും ഇത്തരം സാഹചര്യങ്ങളിൽ ഓഫ് റോഡ് ആംബുലൻസിന്റെ ആവശ്യകത അത്യന്താപേക്ഷിതമാണെന്നും സമിതി നിരീക്ഷിക്കുന്നു. ഭക്തന്മാർ ഹൃദയസംബന്ധമായ അസുഖത്തിന് കൂടുതലായി ചികിത്സ തേടുന്നതിനാൽ ആവശ്യമായ ഓഫ് റോഡ് ആംബുലൻസ് അനുവദിക്കണമെന്ന് സമിതി ആരോഗ്യ കുടുംബക്ഷേമ വകുപ്പിനോട് ശിപാർശ ചെയ്യുന്നു.

**21.** വാഹനങ്ങൾ പാർക്ക് ചെയ്യാനുള്ള സൗകര്യം ഇല്ലാത്തത് വലിയൊരു പ്രശ്നമാണെന്നും വിശ്വാസികളിൽ കൂടുതലും പ്രായമായവരും ഭിന്നശേഷിക്കാരും ആയിരിക്കുമെന്നും വിലയിരുത്തിയ സമിതി അവർക്ക് പമ്പ വരെ എത്താനും വാഹനങ്ങൾ പാർക്ക് ചെയ്യുവാനും വിരിവയ്ക്കുന്നതിനും സൗകര്യം ഒരുക്കണമെന്നും ശിപാർശ ചെയ്യുന്നു.

**21.** സമിതിക്ക് ലഭിക്കുന്ന ഹർജികളിന്മേൽ റിപ്പോർട്ട് സമർപ്പിക്കുന്നതിൽ പല വകുപ്പുകളും അകാരണമായ കാലതാമസം വരുത്തുന്നതായി സമിതി നിരീക്ഷിക്കുന്നു. മറ്റുള്ള ഹർജിക്കാരിൽ നിന്നും വ്യത്യസ്തമായി ഇവിടെ സമിതി മുമ്പാകെ പരാതികൾ സമർപ്പിക്കുന്നത് **60** വയസ്സിനു മുകളിൽ പ്രായമുള്ള നിരാലംബരും നിസ്സഹായരുമായ മുതിർന്ന പൗരന്മാരാണ്. അങ്ങനെയുള്ളവരുടെ ഹർജികളിന്മേൽ റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ കാലതാമസം വരുത്തുന്നത് ന്യായീകരിക്കാനാവാത്ത അനാസ്ഥയാണെന്നും സമിതി ചൂണ്ടിക്കാണിക്കുന്നു. പ്രസ്തുത ഹർജികളിന്മേൽ തുടർ നടപടി സ്വീകരിച്ച് രണ്ട് മാസത്തിനുള്ളിൽ സർക്കാർ റിപ്പോർട്ട് ലഭ്യമാക്കണമെന്ന വ്യവസ്ഥ നിലനിൽക്കെ അത് പാലിക്കാതെ വർഷങ്ങളോളം കാലതാമസമുണ്ടാകുന്നതിലൂടെ നീതിക്കും ആനുകൂല്യത്തിനും വേണ്ടി കാത്തിരിക്കുന്ന ബലഹീനരായ ഒരു ജനവിഭാഗത്തിന് അത് നിഷേധിക്കുന്ന സാഹചര്യമാണ് സംജാതമാകുന്നത്. പല ഘട്ടങ്ങളിലും നീതി ലഭിക്കാതെ ഹർജിക്കാരന് മരണം സംഭവിക്കുന്ന ദുരവസ്ഥ വരെയുണ്ടാകുന്നുവെന്നത് സമിതി വളരെ ആശങ്കയോടെ നിരീക്ഷിക്കുന്നു. ആയതിനാൽ മുതിർന്ന പൗരന്മാർ സമർപ്പിക്കുന്ന ഹർജികളിന്മേൽ അടിയന്തര പ്രധാന്യം നൽകി നടപടി സ്വീകരിക്കുന്നതിൽ എല്ലാ വകുപ്പുകളും ശ്രദ്ധിക്കണമെന്നും ഓരോ ഹർജികളിന്മേലുള്ള റിപ്പോർട്ടും കാലതാമസം കൂടാതെ ലഭ്യമാക്കണമെന്നും നിർദ്ദേശിക്കുന്നു.

തിരുവനന്തപുരം,
**2024** ജൂലൈ **08**

കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
അദ്ധ്യക്ഷൻ,
മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതി.

**പതിനഞ്ചാം കേരള നിയമസഭ**
**ബുള്ളറ്റിൻ ഭാഗം - 2**

2024 ജനുവരി 11

നമ്പർ: **457**

I

**<u>ഹർജികൾ സംബന്ധിച്ച സമിതിയിലേക്ക് അംഗത്തെ നാമനിർദ്ദേശം ചെയ്തത് സംബന്ധിച്ച്.</u>**

ഹർജികൾ സംബന്ധിച്ച സമിതി അദ്ധ്യക്ഷനായിരുന്ന ശ്രീ. കെ. ബി. ഗണേഷ്കുമാർ സംസ്ഥാന മന്ത്രിസഭയിൽ അംഗമായതിനെത്തുടർന്ന് സമിതിയിൽ സംജാതമായ ഒഴിവിലേക്ക് ശ്രീ. ആന്റണി രാജുവിനെ നാമനിർദ്ദേശം ചെയ്തിരിക്കുന്നു. ശ്രീ. ആന്റണി രാജു സമിതിയുടെ അദ്ധ്യക്ഷനായിരിക്കും.

II

**<u>മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതിയിലേക്ക് അംഗത്തേയും സമിതി അദ്ധ്യക്ഷനേയും നാമനിർദ്ദേശം ചെയ്തത് സംബന്ധിച്ച്.</u>**

മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി അംഗമായിരുന്ന ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി സംസ്ഥാന മന്ത്രിസഭയിൽ അംഗമായതിനെത്തുടർന്ന് സമിതിയിൽ സംജാതമായ ഒഴിവിലേക്ക് ശ്രീ. അഹമ്മദ് ദേവർകോവിലിനെ നാമനിർദ്ദേശം ചെയ്തിരിക്കുന്നു.

സമിതി അദ്ധ്യക്ഷനായി ശ്രീ. കെ. പി. കുഞ്ഞമ്മദ്കുട്ടി മാസ്റ്ററെ നാമനിർദ്ദേശം ചെയ്തിരിക്കുന്നു.

ഷാജി സി. ബേബി,
സെക്രട്ടറി-ഇൻ-ചാർജ്ജ്.

## അനുബന്ധം -II

## സർക്കാരിൽ നിന്ന് അനുകൂല മറുപടി ലഭിച്ച ഹർജികളിൽ ചിലത് സംബന്ധിച്ച വിവരം

1. ടി.ഡി.എസ് ഇനത്തിൽ പിടിച്ച തുക തിരികെ നൽകണമെന്നാവശ്യപ്പെട്ട് ശ്രീ. കെ. ബി. പീറ്റർ, എറണാകുളം സമർപ്പിച്ച ഹർജി.

   **(ഫയൽ നം. 16055/സി.ഡബ്ല്യു.എസ്.സി2/2020/ലെജി)**

   വൈറ്റില-പേട്ട റോഡ് വികസനവുമായി ബന്ധപ്പെട്ട് ഏറ്റെടുത്ത സ്ഥലത്തിന് അനുവദിച്ച നഷ്ട പരിഹാര തുകയിൽ നിന്നും ടി.ഡി.എസ് ഇനത്തിൽ **06.11.2017**-ന് പിടിച്ച **36,317**/-രൂപ പാൻനമ്പരിൽ അടയ്ക്കാത്തതിനെതിരെ നടപടി ആവശ്യപ്പെട്ടാണ് ശ്രീ. കെ. ബി. പീറ്റർ ഹർജി സമർപ്പിച്ചത്. പ്രസ്തുത ഹർജിയിന്മേൽ ആദായനികുതിയായി കിഴിവ് ചെയ്ത **36,317**/-രൂപയുടെ ഫോറം **16** എ കക്ഷിക്ക് ആദായനികുതി വകുപ്പ് നൽകിയിട്ടുള്ളതാണെന്ന് റവന്യൂ വകുപ്പ് അറിയിച്ചിരിക്കുന്നു.

2. ബി.പി.എൽ കാർഡ് ലഭിക്കാൻ നടപടി ആവശ്യപ്പെട്ട് ശ്രീമതി. ആർ. സരസമ്മ., തിരുവനന്തപുരം സമർപ്പിച്ച ഹർജി.
   **(ഫയൽ നം. 18345/സി.ഡബ്ല്യു.എസ്.സി2/2020/ലെജി)**

   പട്ടികജാതിയിൽപ്പെട്ട **70** വയസ്സുകാരിയായ ഹർജിക്കാരിയുടെ റേഷൻ കാർഡ് പൊതുവിഭാഗത്തിൽപ്പെട്ടതാണെന്നും ബി.പി.എൽ കാർഡിനായി അപേക്ഷിച്ചപ്പോൾ സ്വീകരിച്ചില്ലെന്നും ആയതിനാൽ ബി.പി.എൽ കാർഡ് ലഭിക്കാൻ നടപടി സ്വീകരിക്കണമെന്നുമായിരുന്നു ഹർജിയിലെ ആവശ്യം. "ദേശീയ ഭദ്രത നിയമം, **2013**" സംസ്ഥാനത്ത് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് ഹർജിക്കാരിയുടെ **1106002315**-ാം നമ്പർ റേഷൻകാർഡ് ബി.പി.എൽ-നു പകരമുള്ള മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റിയതായി "ഭക്ഷ്യ പൊതുവിതരണ വകുപ്പ് " സമിതിയെ അറിയിക്കുകയുണ്ടായി.

3. കുടിവെള്ളം ലഭ്യമാക്കുന്നതിന് നടപടി ആവശ്യപ്പെട്ട് ശ്രീമതി. റോസ്സാൾ സമർപ്പിച്ച ഹർജി.
   **(ഫയൽ നം. 16588/സി.ഡബ്ല്യു.എസ്.സി2/2020/ലെജി)**

   **2016-17** ൽ ചെങ്കൽ ഗ്രാമപഞ്ചായത്തിലെ ആറയൂർ വാർഡിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് കമ്പറ കാരയ്ക്കാട് എന്ന സ്ഥലത്ത് ഒരു കുഴൽകിണർ കുഴിച്ച് വെള്ളം നൽകുന്ന മൈക്രോ വാട്ടർ സപ്ലൈ സ്കീമിന് പഞ്ചായത്ത് അനുമതിനൽകുകയും ഇതുപ്രകാരം **6** കുടുംബങ്ങൾക്ക് കുടിവെള്ളം

നൽകിയെങ്കിലും ടാങ്കിൽ നിന്നും **150** മീറ്റർ അകലെ താമസിക്കുന്ന **75** വയസ്സുള്ള കാൻസർ രോഗിയായ ഹർജിക്കാരിക്ക് കുടിവെള്ളം ലഭ്യമാക്കിയില്ലായെന്നും കുടിവെള്ളം ലഭിക്കുന്നതിനു നടപടി സ്വീകരിക്കണമെന്നുമായിരുന്നു ഹർജിയിലെ ആവശ്യം.

പ്രസ്തുത ഹർജിയിന്മേൽ തദ്ദേശ സ്വയംഭരണ വകുപ്പ് ഇപ്രകാരം അറിയിച്ചിരിക്കുന്നു. "**2021** വാർഷിക പദ്ധതിയിൽ പ്രോജക്ക് നമ്പർ **345/20-21** റോസ്സാൾ കുടിവെള്ള പദ്ധതി എന്ന പേരിൽ പദ്ധതി രൂപീകരിക്കുകയും നിർവ്വഹണ ഉദ്യോഗസ്ഥനായ എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ടി പ്രവർത്തി പൂർത്തീകരിച്ച് ശ്രീമതി. ജെ. റോസ്സാൾ, തിരുഹൃദയ ഭവനം, കമ്പറ, കാരക്കാട്, ആറയൂർ പി. ഒ. എന്നയാൾക്ക് കുടിവെള്ള പൈപ്പ് കണക്ഷൻ ലഭ്യമാക്കി പരാതി പരിഹരിച്ചിട്ടുണ്ടെന്നുള്ള വിവരം അറിയിക്കുന്നു."

**4.** റീസർവ്വേ നടപടി റദ്ദാക്കണമെന്നാവശ്യപ്പെട്ട് നൽകിയ പരാതിയിന്മേൽ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. കെ. എൻ. നാഗേന്ദ്രപൈ, എറണാകുളം സമർപ്പിച്ച ഹർജി.

**(ഫയൽ നം. 17743/സി.ഡബ്ല്യു.എസ്.സി2/2020/ലെജി)**

മുതിർന്ന പൗരനും ഭിന്നശേഷിക്കാരനുമായ ഹർജിക്കാരൻ സഹോദരനുമായി വസ്തുതർക്കത്തിലാണെന്നും ഹർജിക്കാരന്റെ അനുമതിയില്ലാതെ ടിയാന്റെ ഭൂമിയിൽ റീസർവ്വേ നടന്നുവെന്നും റീസർവ്വേയിൽ പാലിക്കേണ്ട വ്യവസ്ഥകൾ പാലിച്ചില്ലായെന്നും ആയതിനാൽ റീസർവ്വേ റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് എറണാകുളം ജില്ലാ കളക്ടർക്ക് നൽകിയ പരാതിയിൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലായെന്നുമാണ് ഹർജി വിഷയം.

ടി ഹർജിയിന്മേൽ റവന്യൂ വകുപ്പ് സമിതിക്ക് ലഭ്യമാക്കിയ റിപ്പോർട്ടിൽ ടി വിഷയത്തിൽ പരാതികക്ഷിയെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥനെയും നേരിൽ കേട്ട് സർവ്വേ ആൻഡ് ബൗണ്ടറീസ് നിയമപ്രകാരം എതിർകക്ഷികൾക്ക് നോട്ടീസ് നൽകി പരാതികക്ഷിയുടെ വസ്തു അളന്നുതിട്ടപ്പെടുത്തി, സബ്ഡിവിഷൻ പോക്കുവരവ് ചെയ്ത് ആലുവ വെസ്റ്റ് വില്ലേജിലെ **6704** നമ്പർ തണ്ടപ്പേരും പടി കരം അടച്ചു വരുന്നതാണെന്നും എറണാകുളം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നറിയിച്ചിരിക്കുന്നു.

5. വസ്തു പോക്കുവരവ് ചെയ്തു കിട്ടുന്നതിന് നടപടി ആവശ്യപ്പെട്ട് ശ്രീമതി. എ. കെ. കോമള, ആലപ്പുഴ സമർപ്പിച്ച ഹർജി.

**(ഫയൽ നം. 23601/സി.ഡബ്ല്യു.എസ്.സി2/2019/ലെജി)**

ഹർജിക്കാരിയുടെ കൈവശമുള്ള കാർത്തികപ്പള്ളി താലൂക്കിലെ ആറാട്ടുപുഴ

വില്ലേജിലെ **9.15** ആർ വസ്തുവിന്റെ കരം **2013** വരെ അടച്ചുവെന്നും എന്നാൽ ടിയാളുടെ സഹോദരന്റെ ഭാഗാർഹമായ വസ്തുവിന്റെ റീസർവ്വേ നമ്പരിലുള്ള പിശക് മൂലം **96/08** നമ്പർ പോക്കുവരവ് റദ്ദുചെയ്യുകയും തുടർന്നങ്ങോട്ട് ഹർജിക്കാരിയുടെ വസ്തുവിന്റെ കരം സ്വീകരിച്ചില്ലെന്നും ഇത് സംബന്ധിച്ച് നിരവധി പരാതി നൽകിയെങ്കിലും യാതൊരു നടപടിയും സ്വീകരിച്ചില്ലെന്നും ആയതിനാൽ വസ്തു പോക്കുവരവ് ചെയ്ത് ലഭിക്കുന്നതിനും കരം സ്വീകരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്നാണ് ഹർജിയിലെ ആവശ്യം. ടി ഹർജിയിന്മേൽ റവന്യൂ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ കാർത്തികപ്പള്ളി താലൂക്കിൽ ആറാട്ടുപുഴ വില്ലേജിൽ ബ്ലോക്ക് നമ്പർ **017**-ൽ റീസർവ്വേ നമ്പർ **287/12/2**-ൽ പ്പെട്ട ശ്രീമതി. എ. കെ. കോമള എന്നവരുടെ വസ്തു പോക്കുവരവ് റദ്ദ് ചെയ്തത് പുനഃസ്ഥാപിച്ച് **24/05/2022** തീയതിയിൽ തണ്ടപ്പേർ നമ്പർ **13562** അനുസരിച്ച് കരമൊടുക്ക് വരുത്തി നൽകിയിട്ടുള്ളതാണെന്ന് ആലപ്പുഴ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തതായി അറിയിച്ചിരിക്കുന്നു.

**6.** ഡാറ്റാബാങ്കിൽ ഉൾപ്പെട്ട ഭൂമി കരഭൂമി ആക്കുന്നതിന് സമർപ്പിച്ച അപേക്ഷയിന്മേൽ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി. സരസ്വതി, കാസർഗോഡ് സമർപ്പിച്ച ഹർജി

**(ഫയൽ നം. 16161/സി.ഡബ്ല്യു.എസ്.സി2/2020/ലെജി)**

വർഷങ്ങളായി ഉപയോഗിച്ച് വരുന്ന കുടുംബസ്വത്ത് ഡാറ്റാബാങ്കിൽ ഉൾപ്പെടുത്തിയ നടപടി റദ്ദാക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി. സരസ്വതി സമർപ്പിച്ച ഹർജിയിന്മേൽ റവന്യൂ വകുപ്പ് സമിതിക്ക് ലഭ്യമാക്കിയ റിപ്പോർട്ടിൽ ശ്രീമതി. സരസ്വതി അമ്മയുടെ ബന്ധുവായ ശ്രീ. രവീന്ദ്രൻ മുതൽപേർ, കാഞ്ഞങ്ങാട് സബ് കളക്ടർ മുമ്പാകെ സമർപ്പിച്ച കേരള നെൽവയൽ തണ്ണീർത്തട ചട്ടങ്ങൾ പ്രകാരമുള്ള ഫാറം 5-ലെ അപേക്ഷ പരിഗണിച്ച് കൊണ്ട് കാഞ്ഞങ്ങാട് സബ് കളക്ടറുടെ **06.02.2021**-ലെ എഫ്-**3834/2019**/കെ.ഡിസ് നമ്പർ നടപടിക്രമപ്രകാരം ഹർജിക്കാരിയുടെയും കൂട്ടവകാശികളുടെയും കൈവശഭൂമിയായ ഹോസ്ദുർഗ് താലൂക്കിൽ കാഞ്ഞങ്ങാട് വില്ലേജിൽ സർവ്വേ നമ്പർ **652/4PT-7**-ൽ പ്പെട്ട **21.85** ആർ ഭൂമി ഡാറ്റാബാങ്കിൽ നിന്നും നീക്കം ചെയ്തു ഉത്തരവായിട്ടുള്ളതാണെന്ന് അറിയിച്ചിരുന്നു.

**7.** വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. രവി. സി, തിരുവനന്തപുരം സമർപ്പിച്ച ഹർജി.

**(ഫയൽ നം. 1973/സി.ഡബ്ല്യു.എസ്.സി1/2022/ലെജി)**

ശ്രീ. രവി. സി സമർപ്പിച്ച ഹർജിയിൽ ടിയാനും മാനസികരോഗിയായ ഭാര്യയ്ക്കും ചികിത്സാസഹായം, വാർദ്ധക്യകാലപെൻഷൻ, എ.പി.എൽ. വിഭാഗത്തിൽ ഉൾപ്പെട്ട റേഷൻകാർഡ് മുൻഗണനയിലേക്ക് മാറ്റി നൽകുക എന്നിവയായിരുന്നു

ആവശ്യങ്ങൾ. ഹർജിയിലെ മൂന്നാമത്തെ ആവശ്യത്തിന്മേൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പ് സമിതിക്കു ലഭ്യമാക്കിയ റിപ്പോർട്ടിൽ ഹർജിക്കാരൻ അംഗമായി ഉൾപ്പെട്ടിട്ടുള്ള **1170026209**-ാം നമ്പർ റേഷൻകാർഡ് മുൻഗണനയിലേക്ക് മാറ്റി നൽകിയിട്ടുണ്ടെന്ന വിവരം അറിയിച്ചിരിക്കുന്നു.

**8.** ചികിത്സാധനസഹായം അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. അപ്പുക്കുട്ടി നായർ, കോഴിക്കോട് സമർപ്പിച്ച ഹർജി.

**(ഫയൽ നം. 11396/സി.ഡബ്ല്യു.എസ്.സി2/2022/ലെജി)**

ചികിത്സാധനസഹായം അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീ.അപ്പുക്കുട്ടി നായർ സമർപ്പിച്ച ഹർജിയിന്മേൽ റവന്യൂ(ഡി.ആർ.എഫ്) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ചികിത്സാധനസഹായം ലഭ്യമാക്കുന്നതിനായി കോഴിക്കോട് ജില്ലയിൽ ചെറുമലയിൽ, കിഴക്കോത്ത്, കൊടുവള്ളി എന്ന വിലാസത്തിൽ ശ്രീ. അപ്പുക്കുട്ടി നായർ അപേക്ഷ സമർപ്പിച്ചതിൻ പ്രകാരം **15,000/-** രൂപ സർക്കാർ ഉത്തരവ് സ.ധാ.നം.**4911/2022** തീയതി **08.12.2022** പ്രകാരം അനുവദിക്കുകയും പ്രസ്തുത തുക **DBT** മുഖേന ടിയാന്റെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു.

**9.** മരണപ്പെട്ട ഭാര്യയുടെ ക്ഷേമനിധി പെൻഷൻ തുക ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. പി. വി. സദാനന്ദൻ സമർപ്പിച്ച ഹർജി.

**(ഫയൽ നം. 20424/സി.ഡബ്ല്യു.എസ്.സി1/2020/ലെജി)**

ശ്രീ. പി. വി. സദാനന്ദൻ സമർപ്പിച്ച ഹർജിയിൽ ടിയാന്റെ ഭാര്യ കെ. വിജയമ്മ ക്ഷേമനിധിയിൽ അംഗമായിരുന്നുവെന്നും ഭാര്യയുടെ മരണത്തെ തുടർന്ന് കുടിശ്ശികയുണ്ടായിരുന്ന പെൻഷൻ തുക **9** വർഷമായി നൽകിയില്ലെന്നും **83** കഴിഞ്ഞ രോഗിയായ ഹർജിക്കാരന് അർഹതപ്പെട്ട തുക എത്രയും വേഗം ലഭിക്കാൻ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. ടി ഹർജിയിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ ശ്രീമതി. കെ. വിജയമ്മ **09.02.2022**-ൽ മരണമടഞ്ഞതിനാൽ ടിയാരിയുടെ മരണാനന്തര അതിവർഷാനുകൂല്യം നൽകുവാൻ ആവശ്യമായ രേഖകൾ സമർപ്പിക്കുവാൻ അറിയിച്ചിരുന്നുവെന്നും തുടർന്ന് ഹാജരാക്കിയ രേഖകളുടെ അടിസ്ഥാനത്തിൽ ടിയാരിയുടെ ഭർത്താവായ ശ്രീ. പി. വി. സദാനന്ദന്റെ കാനറാ ബാങ്ക് മാന്നാർ ശാഖയിലെ അക്കൗണ്ടിലേക്ക് **29.01.2022**-ൽ **11,875/-** രൂപ ആലപ്പുഴ ജില്ലാട്രഷറി വഴി ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു.

**10.** വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ഹ്യൂമൻ റൈറ്റ്സ് ഫോറം കോഴിക്കോട് ജില്ലാ പ്രസിഡന്റ് അഡ്വ. ടി. കെ. സത്യനാഥൻ സമർപ്പിച്ച ഹർജി.

(ഫയൽ നം. 11388/സി.ഡബ്ല്യു.എസ്.സി2/2022/ലെജി)

വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് അഡ്വ. ടി. കെ. സത്യനാഥൻ സമർപ്പിച്ച ഹർജിയിലെ ഒരു പ്രധാന ആവശ്യം മുതിർന്നവർക്ക് വിനോദ കേന്ദ്രങ്ങളിൽ ഫീസിൽ ഇളവ് അനുവദിക്കുക എന്നതായിരുന്നു. പ്രസ്തുത ആവശ്യത്തിന്മേൽ ടൂറിസം വകുപ്പ് സമിതിക്ക് ലഭ്യമാക്കിയ റിപ്പോർട്ടിൽ ഇപ്രകാരം അറിയിച്ചിരിക്കുന്നു.

‘ 06.06.2022 തീയതിയിലെ സ.ഉ(സാധാ)നം. 180/2022/ടൂറിസം ഉത്തരവ് പ്രകാരം വിനോദസഞ്ചാര വകുപ്പിന് കീഴിലുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പ്രവേശന ഫീസ് ഇനത്തിൽ മുതിർന്ന പൗരന്മാർക്ക് 50% ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.’

( ഉത്തരവിന്റെ പകർപ്പ് അനുബന്ധം VI ആയി ചേർത്തിട്ടുണ്ട്. )

**അനുബന്ധം -III**

സർക്കാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി അവസാനിപ്പിച്ച ഹർജികൾ സംബന്ധിച്ച പട്ടിക

| ക്രമ നമ്പർ | ഹർജി വിഷയവും ഫയൽ നമ്പരും |
|---|---|
| **1.** | മികച്ച ചികിത്സ ലഭ്യമാകണമെന്ന് ആവശ്യപ്പെട്ട് ശ്രീ. എ. ഗംഗാധരൻ കാസർഗോഡ് സമർപ്പിച്ച ഹർജി<br>**(ഫയൽ നം. 12608/സി.ഡബ്ല്യൂ.എസ്.സി1/2014/ലെജി)** |
| **2.** | തന്റെ പേരിലുള്ള വസ്തു അളന്ന് മകൾക്ക് കൊടുക്കുന്നതിന് നടപടി ആവശ്യപ്പെട്ട് ശ്രീ. തോമസ് മത്തായി, കണ്ണൂർ സമർപ്പിച്ച ഹർജി<br>**(ഫയൽ നം. 23174/സി.ഡബ്ല്യൂ.എസ്.സി1/2014/ലെജി)** |
| **3.** | ജീവനും സ്വത്തിനും സംരക്ഷണം നൽകണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി ലളിത, കൊല്ലം സമർപ്പിച്ച ഹർജി<br>**(ഫയൽ നം. 16086/സി.ഡബ്ല്യൂ.എസ്.സി1/2015/ലെജി)** |
| **4.** | പഴയകാല ഹോമിയോ ചികിത്സ ചെയ്തുവരുന്നവർക്ക് എ ക്ലാസ് രജിസ്ട്രേഷൻ ആരോഗ്യകുടുംബക്ഷേമ വകുപ്പിൽ നിന്നും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാ വശ്യപ്പെട്ട് ശ്രീ. കെ. എസ്. രവിനാഥ്, ശ്രീ. റ്റി. ജി. ഫ്രാൻസിസ് എന്നിവർ സമർപ്പിച്ച ഹർജി<br>**(ഫയൽ നം. 21377/സി.ഡബ്ല്യൂ.എസ്.സി1/2015/ലെജി)** |
| **5.** | സർക്കാർ അനുവദിച്ച മിച്ചഭൂമി എതിർകക്ഷിയിൽ നിന്നും തിരികെ ലഭിക്കുന്നതിന് നടപടി ആവശ്യപ്പെട്ട് ശ്രീമതി. യശോദ, പാലക്കാട് സമർപ്പിച്ച ഹർജി<br>**(ഫയൽ നം. 14599/സി.ഡബ്ല്യൂ.എസ്.സി1/2017/ലെജി)** |
| **6.** | പട്ടയം അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. എ. ലക്ഷ്മണൻ, പാലക്കാട് സമർപ്പിച്ച ഹർജി<br>**(ഫയൽ നം. 14622/സി.ഡബ്ല്യൂ.എസ്.സി1/2017/ലെജി)** |
| **7.** | സ്വകാര്യ ഭൂമിയിലൂടെ റോഡുവെട്ടിയവർക്കെതിരെ നടപടി ആവശ്യപ്പെട്ട് ശ്രീമതി. എൻ. സരോജിനി അമ്മ സമർപ്പിച്ച ഹർജി<br>**(ഫയൽ നം. 14626/സി.ഡബ്ല്യൂ.എസ്.സി1/2017/ലെജി)** |
| **8.** | വയോജന ക്ഷേമത്തിനായുള്ള വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. പേരൂർ രാജഗോപാലൻ, പാലക്കാട് സമർപ്പിച്ച ഹർജി.<br>**(ഫയൽ നം. 14631/സി.ഡബ്ല്യൂ.എസ്.സി1/2017/ലെജി)** |
| **9.** | അടച്ചുപൂട്ടിയ ഫാം തുറന്നു പ്രവർത്തിക്കുന്നതിന് നടപടി ആവശ്യപ്പെട്ട് ശ്രീ. കെ. എ. കുട്ടപ്പൻ, പാലക്കാട് സമർപ്പിച്ച ഹർജി.<br>**(ഫയൽ നം. 14635/സി.ഡബ്ല്യൂ.എസ്.സി1/2017/ലെജി)** |
| **10.** | കലാകായിക മത്സരങ്ങളിൽ മുതിർന്ന പൗരന്മാർക്ക് അവസരവും പ്രാതിനിധ്യവും നൽകണമെന്ന് ആവശ്യപ്പെട്ട് ശ്രീ. എസ്. രാജേന്ദ്രൻ, കൊല്ലം സമർപ്പിച്ച ഹർജി<br>**(ഫയൽ നം. 25059/സി.ഡബ്ല്യൂ.എസ്.സി1/2017/ലെജി)** |
| **11.** | മലിനജല വെള്ളക്കെട്ടിന് പരിഹാരം കാണണമെന്നാവശ്യപ്പെട്ട് ശ്രീ. ലുഡോവിക്, കൊല്ലം |

| | |
|---|---|
| | സമർപ്പിച്ച ഹർജി<br>(ഫയൽ നം. 25061/സി.ഡബ്ല്യൂ.എസ്.സി1/2017/ലെജി) |
| 12. | എതിർകക്ഷികളിൽ നിന്ന് സംരക്ഷണവും ജീവനാംശവും ആവശ്യപ്പെട്ട് ശ്രീമതി. ഓമനയമ്മ, കൊല്ലം സമർപ്പിച്ച ഹർജി<br>(ഫയൽ നം. 25070/സി.ഡബ്ല്യൂ.എസ്.സി1/2017/ലെജി) |
| 13. | വീടിനു സമീപമുള്ള പുരയിടത്തിലെ കാട് നീക്കം ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. ഗോപിനാഥൻ തിരുവനന്തപുരം സമർപ്പിച്ച ഹർജി.<br>(ഫയൽ നം. 26895/സി.ഡബ്ല്യൂ.എസ്.സി1/2017/ലെജി) |
| 14. | ഉപഭോക്തൃ തർക്കപരിഹാര കോടതി വിധി പ്രകാരമുള്ള തുക കരാറുകാരിൽ നിന്നും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. അബ്ദുസ്സലാം, തൃശൂർ സമർപ്പിച്ച ഹർജി<br>(ഫയൽ നം. 17214/സി.ഡബ്ല്യൂ.എസ്.സി1/2018/ലെജി) |
| 15. | കുടുംബസ്വത്തിന്റെ വിഹിതം ലഭിക്കുന്നതിന് വേണ്ടി ശ്രീ. പി.എം. മുഹമ്മദ് കുഞ്ഞ്, ആലപ്പുഴ സമർപ്പിച്ച ഹർജി<br>(ഫയൽ നം. 18189/സി.ഡബ്ല്യൂ.എസ്.സി1/2018/ലെജി) |
| 16. | നിലത്തിന്റെ നികുതി സ്വീകരിച്ച് ആധാരവും സ്ഥലവും തിരികെ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ.മുഹമ്മദ് അലി,വണ്ടൂർ സമർപ്പിച്ച ഹർജി<br>(ഫയൽ നം. 22059/സി.ഡബ്ല്യൂ.എസ്.സി1/2018/ലെജി) |
| 17. | ചികിത്സാ ധനസഹായം അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. പി.പി. കുമാരൻ, കണ്ണൂർ സമർപ്പിച്ച ഹർജി<br>(ഫയൽ നം. 23556/സി.ഡബ്ല്യൂ.എസ്.സി1/2018/ലെജി) |
| 18. | അതിർത്തി തർക്കം സംബന്ധിച്ച് തഹസിൽദാരുടെ തീർപ്പ് പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. കൽപോത്ത് വീട്ടിൽ ഗോവിന്ദൻ, കണ്ണൂർ സമർപ്പിച്ച ഹർജി<br>(ഫയൽ നം. 23558/സി.ഡബ്ല്യൂ.എസ്.സി1/2018/ലെജി) |
| 19. | വാർദ്ധക്യകാല പെൻഷൻ തുടർന്നും ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. നമ്പി എം.വി., കണ്ണൂർ സമർപ്പിച്ച ഹർജി<br>(ഫയൽ നം. 23566/സി.ഡബ്ല്യൂ.എസ്.സി1/2018/ലെജി) |
| 20. | 2000-ന് മുൻപ് വിരമിച്ച പത്രപ്രവർത്തകേതര ജീവനക്കാരുടെ ക്ഷേമപെൻഷൻ പദ്ധതി നടപ്പിലാക്കണമെന്നാവ ശ്യപ്പെട്ട് ശ്രീ. പി. വി. രവീന്ദ്രൻ സമർപ്പിച്ച ഹർജി<br>(ഫയൽ നം. 23567/സി.ഡബ്ല്യൂ.എസ്.സി1/2018/ലെജി) |
| 21. | വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നതിന് നടപടി ആവശ്യപ്പെട്ട് ശ്രീ. പി. കുഞ്ഞിക്കണ്ണൻ, കണ്ണൂർ സമർപ്പിച്ച ഹർജി<br>(ഫയൽ നം. 23577/സി.ഡബ്ല്യൂ.എസ്.സി1/2018/ലെജി) |
| 22. | വയോജന പെൻഷൻ വിതരണത്തിലെ അപാകതകൾ പരിഹരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. പി. കുമാരൻ, കണ്ണൂർ സമർപ്പിച്ച ഹർജി<br>(ഫയൽ നം. 23582/സി.ഡബ്ല്യൂ.എസ്.സി1/2018/ലെജി) |
| 23. | കുറവ് ചെയ്ത പെൻഷൻ തുക വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. കെ. ഗോവിന്ദൻ, |

| | |
|---|---|
| | കണ്ണൂർ  സമർപ്പിച്ച ഹർജി<br>(ഫയൽ നം. 23585/സി.ഡബ്ല്യൂ.എസ്.സി1/2018/ലെജി) |
| **24.** | റീസർവ്വേ സംബന്ധമായി സമർപ്പിച്ച അപേക്ഷയിൽ തീർപ്പുണ്ടാകാത്തത് സംബന്ധിച്ച് ശ്രീ കെ വി വാസുദേവൻ നമ്പൂതിരി, കോട്ടയം സമർപ്പിച്ച ഹർജി<br>(ഫയൽ നം. 25568/സി.ഡബ്ല്യൂ.എസ്.സി1/2018/ലെജി) |
| **25.** | നിർമ്മാണത്തൊഴിലാളി പെൻഷൻ തുടർന്നും ലഭിക്കുന്നതിനായി ശ്രീ. സി. കെ. വേലായുധൻ, കണ്ണൂർ സമർപ്പിച്ച ഹർജി<br>(ഫയൽ നം. 25592/സി.ഡബ്ല്യൂ.എസ്.സി1/2018/ലെജി) |
| **26.** | നിർമ്മാണത്തൊഴിലാളി ബോർഡിൽ നിന്നും ലഭിക്കുന്ന പെൻഷൻ തുടർന്നും ലഭിക്കുന്നതിനായി ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ കാസർഗോഡ് സമർപ്പിച്ച ഹർജി<br>(ഫയൽ നം. 25594/സി.ഡബ്ല്യൂ.എസ്.സി1/2018/ലെജി) |
| **27.** | മലപ്പുറം സർക്കാർ വൃദ്ധസദനത്തിലെ അന്തേവാസികളുടെ കൂട്ടമരണം സംബന്ധിച്ച പത്രവാർത്ത സ്വമേധയാ ഹർജിയായി സ്വീകരിച്ചത്<br>(ഫയൽ നം. 25668/സി.ഡബ്ല്യൂ.എസ്.സി1/2018/ലെജി) |
| **28.** | ബാങ്കിന്റെ ജപ്തി നടപടി തടയണമെന്ന് ആവശ്യപ്പെട്ട് ശ്രീ. വി. ജെ. വക്കച്ചൻ, കൊച്ചി സമർപ്പിച്ച ഹർജി<br>(ഫയൽ നം. 14518/സി.ഡബ്ല്യൂ.എസ്.സി1/2019/ലെജി) |
| **29.** | മിച്ചഭൂമി അതിർത്തി തിരിച്ച് പതിച്ചു കിട്ടണമെന്നാവശ്യപ്പെട്ട് ശ്രീ. കെ. നാരായണൻ നായർ, വയനാട്  സമർപ്പിച്ച ഹർജി<br>(ഫയൽ നം. 14609/സി.ഡബ്ല്യൂ.എസ്.സി1/2019/ലെജി) |
| **30.** | മുതിർന്ന പൗരൻമാരുടെ വിവിധ ആവശ്യങ്ങളും നിർദ്ദേശങ്ങളും ഉൾക്കൊള്ളിച്ച് സീനിയർ സിറ്റിസൺസ് വെൽഫയർ അസോസിയേഷൻ, വയനാട് സമർപ്പിച്ച ഹർജി<br>(ഫയൽ നം. 14725/സി.ഡബ്ല്യൂ.എസ്.സി1/2019/ലെജി) |
| **31.** | ആധാർ കാർഡ് വയസ് തെളിയിക്കുന്ന രേഖയായി പരിഗണിക്കാത്തത് സംബന്ധിച്ച് ശ്രീ. ജോർജ്ജ്, വയനാട് സമർപ്പിച്ച ഹർജി<br>(ഫയൽ നം. 14727/സി.ഡബ്ല്യൂ.എസ്.സി1/2019/ലെജി) |
| **32.** | ലൈഫ് ഭവന പദ്ധതിയുടെ രണ്ടാം ഗഡു ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി മറിയം, വയനാട് സമർപ്പിച്ച ഹർജി<br>(ഫയൽ നം. 14730/സി.ഡബ്ല്യൂ.എസ്.സി1/2019/ലെജി) |
| **33.** | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. റ്റി. രത്നകുമാർ, വൈസ് പ്രസിഡന്റ്, സീനിയർ സിറ്റിസൺ വെൽഫെയർ അസോസിയേഷൻ, കോഴിക്കോട് സമർപ്പിച്ച ഹർജി<br>(ഫയൽ നം. 14993/സി.ഡബ്ല്യൂ.എസ്.സി1/2019/ലെജി) |
| **34.** | ഫ്രാഞ്ചൈസിക്ക് വേണ്ടി കൊടുത്ത പണം തിരികെ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നാ വശ്യപ്പെട്ട് ശ്രീ. എം.ഷംസുദ്ദീൻ, തിരുവനന്തപുരം സമർപ്പിച്ച ഹർജി<br>(ഫയൽ നം. 15234/സി.ഡബ്ല്യൂ.എസ്.സി1/2019/ലെജി) |
| **35.** | വൃദ്ധമാതാവിനെ സംരക്ഷിക്കാത്ത മകനെതിരെ നിയമനടപടി ആവശ്യപ്പെട്ട് വെങ്ങാനൂർ മാവുവിള നിവാസികൾ സമർപ്പിച്ച ഹർജി.<br>(ഫയൽ നം. 16743/സി.ഡബ്ല്യൂ.എസ്.സി1/2019/ലെജി) |

| | |
|---|---|
| **36.** | വസ്തു അളന്ന് കരം ഈടാക്കാൻ വിസമ്മതിച്ച വില്ലേജ് ജീവനക്കാർക്കെതിരെ നടപടി ആവശ്യപ്പെട്ട് ശ്രീ. മുഹമ്മദ് ഷെരീഫ്. കെ.എ., തൃശൂർ സമർപ്പിച്ച ഹർജി<br>**(ഫയൽ നം. 17345/സി.ഡബ്ല്യൂ.എസ്.സി1/2019/ലെജി)** |
| **37.** | വാർദ്ധക്യകാല പെൻഷൻ അനുവദിക്കണമെന്നാ വശ്യപ്പെട്ട് ശ്രീ. അഗസ്റ്റിൻ സി.ജെ. സമർപ്പിച്ച ഹർജി<br>**(ഫയൽ നം. 25022/സി.ഡബ്ല്യൂ.എസ്.സി1/2019/ലെജി)** |
| **38.** | ധനനിശ്ചയധാരം റദ്ദ് ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി ജാൻസി രത്നകുമാരി സമർപ്പിച്ച ഹർജി<br>**(ഫയൽ നം. 14926/സി.ഡബ്ല്യൂ.എസ്.സി1/2020/ലെജി)** |
| **39.** | എതിർകക്ഷിയുടെ കൈവശമുള്ള ആധാരവും രേഖകളും തിരികെ ലഭിക്കുന്നതിന് നടപടി ആവശ്യപ്പെട്ട് ശ്രീ.കെ.സി.വാസു,കൊല്ലം സമർപ്പിച്ച ഹർജി<br>**(ഫയൽ നം. 15621/സി.ഡബ്ല്യൂ.എസ്.സി1/2020/ലെജി)** |
| **40.** | വെള്ളപ്പൊക്ക ദുരിതാശ്വാസ ധനസഹായം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. കെ. വി. എബ്രഹാം., കോട്ടയം സമർപ്പിച്ച ഹർജി<br>**(ഫയൽ നം. 15788/സി.ഡബ്ല്യൂ.എസ്.സി1/2020/ലെജി)** |
| **41.** | പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ തോമസ് എൻ, കോഴിക്കോട് സമർപ്പിച്ച ഹർജി<br>**(ഫയൽ നം. 15861/സി.ഡബ്ല്യൂ.എസ്.സി1/2020/ലെജി)** |
| **42.** | തടഞ്ഞുവച്ചിരിക്കുന്ന പെൻഷൻ അനുവദിക്കണ മെന്നാവശ്യപ്പെട്ട് ശ്രീമതി സുമതി, ആലപ്പുഴ സമർപ്പിച്ച ഹർജി<br>**(ഫയൽ നം. 15930/സി.ഡബ്ല്യൂ.എസ്.സി1/2020/ലെജി)** |
| **43.** | തയ്യൽ തൊഴിലാളി ക്ഷേമനിധി പെൻഷൻ പുതുക്കി നല്കണമെന്നാവശ്യപ്പെട്ട് ശ്രീമതി ശാന്തമ്മ, പത്തനംതിട്ട സമർപ്പിച്ച ഹർജി<br>**(ഫയൽ നം. 15936/സി.ഡബ്ല്യൂ.എസ്.സി1/2020/ലെജി)** |
| **44.** | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്നുള്ള റിട്ടയർമെന്റ് ആനുകൂല്യങ്ങൾക്കായി ശ്രീ.കെ.എസ്.പി. മണി സമർപ്പിച്ച ഹർജി<br>**(ഫയൽ നം. 15968/സി.ഡബ്ല്യൂ.എസ്.സി1/2020/ലെജി)** |
| **45.** | കുടുംബസ്വത്തിലെ വിഹിതം ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി തട്ടിക്കുട്ടി പാത്തുമ്മ, കണ്ണൂർ സമർപ്പിച്ച ഹർജി<br>**(ഫയൽ നം. 16023/സി.ഡബ്ല്യൂ.എസ്.സി1/2020/ലെജി)** |
| **46.** | പ്രധാനമന്ത്രി കിസാൻ സമ്മാനനിധിയുടെ ആനുകൂല്യം ലഭിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ടി.വി. തോമസ്, കണ്ണൂർ സമർപ്പിച്ച ഹർജി<br>**(ഫയൽ നം. 16249/സി.ഡബ്ല്യൂ.എസ്.സി1/2020/ലെജി)** |
| **47.** | കബളിപ്പിച്ച് കൈക്കലാക്കിയ പണം തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. വി.എസ്. കുശലൻ, കൊല്ലം സമർപ്പിച്ച ഹർജി<br>**(ഫയൽ നം. 16307/സി.ഡബ്ല്യൂ.എസ്.സി1/2020/ലെജി)** |
| **48.** | തടഞ്ഞു വച്ചിരിക്കുന്ന ക്ഷേമപെൻഷൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. മാധവൻ, കണ്ണൂർ സമർപ്പിച്ച ഹർജി |

| | |
|---|---|
| | (ഫയൽ നം. 16430/സി.ഡബ്ല്യൂ.എസ്.സി1/2020/ലെജി) |
| 49. | തടഞ്ഞു വച്ചിരിക്കുന്ന കർഷക പെൻഷൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. തോമസ് വയനാട് സമർപ്പിച്ച ഹർജി<br>(ഫയൽ നം. 16618/സി.ഡബ്ല്യൂ.എസ്.സി1/2020/ലെജി) |
| 50. | വീട് ലഭിക്കുന്നതിന് നടപടി ആവശ്യപ്പെട്ട് ശ്രീമതി സൂര്യകുമാരി എറണാകുളം സമർപ്പിച്ച ഹർജി<br>(ഫയൽ നം. 16693/സി.ഡബ്ല്യൂ.എസ്.സി1/2020/ലെജി) |
| 51. | ഭാര്യയുടെ പേരിലുള്ള വസ്തു സ്വന്തമാക്കാൻ ശ്രമിക്കുന്നതിനെതിരെ സംരക്ഷണം ആവശ്യപ്പെട്ട് ശ്രീ.എ.ആർ.രാമകമ്മത്ത്,തൊടുപുഴ സമർപ്പിച്ച ഹർജി<br>(ഫയൽ നം. 16793/സി.ഡബ്ല്യൂ.എസ്.സി1/2020/ലെജി) |
| 52. | ചികിത്സാ ആനുകൂല്യം ലഭിക്കുന്നതിനായി റേഷൻ കാർഡിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ.പി.ഷംസുദ്ദീൻ, തിരുവനന്തപുരം സമർപ്പിച്ച ഹർജി<br>(ഫയൽ നം. 17218/സി.ഡബ്ല്യൂ.എസ്.സി1/2020/ലെജി) |
| 53. | മരം വീണതിലുള്ള നാശത്തിന് പരിഹാരം കാണണമെന്ന് ആവശ്യപ്പെട്ട് ശ്രീ.ഗോപിനാഥൻനായർ, കോട്ടയം സമർപ്പിച്ച ഹർജി<br>(ഫയൽ നം. 17721/സി.ഡബ്ല്യൂ.എസ്.സി1/2020/ലെജി) |
| 54. | സൗജന്യമായി ഭൂമി പതിച്ചു നല്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. വിൻസെന്റ്. കെ. ജി., കൊച്ചി സമർപ്പിച്ച ഹർജി<br>(ഫയൽ നം. 18366/സി.ഡബ്ല്യൂ.എസ്.സി1/2020/ലെജി) |
| 55. | ഭൂമിയുടെ ന്യായവില പുനർനിർണയം നടത്തി ഗസറ്റിൽ പ്രസിദ്ധീകരിക്കാൻ നടപടി ആവശ്യപ്പെട്ട് ശ്രീ.വി.എ.ഇട്ടി.അയ്യ് സമർപ്പിച്ച ഹർജി<br>(ഫയൽ നം. 18515/സി.ഡബ്ല്യൂ.എസ്.സി1/2020/ലെജി) |
| 56. | ചികിത്സയ്ക്കും ചെലവിനുള്ള തുക മക്കളിൽ നിന്നും ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി സുമതിയമ്മ സി,കൊല്ലം സമർപ്പിച്ച ഹർജി<br>(ഫയൽ നം. 19216/സി.ഡബ്ല്യൂ.എസ്.സി1/2020/ലെജി) |
| 57. | എക്സ്ഗ്രേഷ്യ പെൻഷൻ നിരസിച്ച നടപടി പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ.കെ.തങ്കപ്പനാശാരി, തിരുവനന്തപുരം സമർപ്പിച്ച ഹർജി<br>(ഫയൽ നം. 22144/സി.ഡബ്ല്യൂ.എസ്.സി1/2020/ലെജി) |
| 58. | ധനനിശ്ചയാധാരം റദ്ദ് ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീമതി പങ്കജാക്ഷി,കരുനാഗപ്പള്ളി സമർപ്പിച്ച ഹർജി<br>(ഫയൽ നം. 7517/സി.ഡബ്ല്യൂ.എസ്.സി1/2021/ലെജി) |
| 59. | വസ്തുവിന്റെ ലൊക്കേഷൻ സർട്ടിഫിക്കറ്റിലെ അപാകത പരിഹരിക്കുന്നതിന് നടപടിയാവശ്യപ്പെട്ട് ശ്രീമതി അന്നമ്മ, ഇളമാട് സമർപ്പിച്ച ഹർജി<br>(ഫയൽ നം. 15682/സി.ഡബ്ല്യൂ.എസ്.സി1/2021/ലെജി) |
| 60. | എൽ.ഐ.സി പ്രീമിയം തുക തിരികെ ലഭിക്കുന്നതിന് നടപടി ആവശ്യപ്പെട്ട് ശ്രീ. സ്കറിയ എബ്രഹാം, എറണാകുളം സമർപ്പിച്ച ഹർജി<br>(ഫയൽ നം. 17441/സി.ഡബ്ല്യൂ.എസ്.സി1/2021/ലെജി) |

| | |
|---|---|
| **61.** | മാതാപിതാക്കളെ മാനസികമായും ശാരീരികമായും ഉപദ്രവിക്കുന്ന അയൽവാസിക്കെതിരെ നടപടി ആവശ്യപ്പെട്ട് ശ്രീമതി ബിന്ദ്യ സുന്ദർ, കോഴിക്കോട് സമർപ്പിച്ച ഹർജി<br>**(ഫയൽ നം. 18046/സി.ഡബ്ല്യൂ.എസ്.സി1/2021/ലെജി)** |
| **62.** | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. കാരാത്ത് ബാലൻ, പാലക്കാട് സമർപ്പിച്ച ഹർജി.<br>**(ഫയൽ നം. 11861/സി.ഡബ്ല്യു.എസ്.സി2/2011/ലെജി)** |
| **63.** | ദേവസ്വം ബോർഡിൽ നിന്ന് പെൻഷൻ ലഭിക്കുന്നതിന് നടപടി ആവശ്യപ്പെട്ട് ശ്രീ. എൻ. അനന്തൻപിള്ള , വർക്കല സമർപ്പിച്ച ഹർജി.<br>**(ഫയൽ നം. 11863/സി.ഡബ്ല്യു.എസ്.സി2/2011/ലെജി )** |
| **64.** | സീനിയർ സിറ്റിസൺസ് ആക്ട് നടപ്പാക്കുന്നതിൽ വിവിധ വകുപ്പുകളെ കാണിക്കുന്ന അലംഭാവം സംബന്ധിച്ച് ശ്രീ. ഇ. ജി. ശീലൻ, തിരുവനന്തപുരം സമർപ്പിച്ച ഹർജി.<br>**(ഫയൽ നം. 12287/സി.ഡബ്ല്യു.എസ്.സി2/2011/ലെജി)** |
| **65.** | തറവാട്ടു സ്വത്തിലെ അർഹമായ വിഹിതം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി. വി. കെ. രാജേശ്വരി, പാലക്കാട് സമർപ്പിച്ച ഹർജി.<br>**(ഫയൽ നം. 12318/സി.ഡബ്ല്യു.എസ്.സി2/2011/ലെജി)** |
| **66.** | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് കേരള സീനിയർ സിറ്റിസൺസ് ഫോറം തൃശൂർ ജില്ലാ കമ്മിറ്റി സമർപ്പിച്ച ഹർജി.<br>**(ഫയൽ നം. 12623/സി.ഡബ്ല്യു.എസ്.സി2/2014/ലെജി)** |
| **67.** | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. ജോർജ് വർഗ്ഗീസ്, കാസർഗോഡ് സമർപ്പിച്ച ഹർജി.<br>**(ഫയൽ നം. 13136/സി.ഡബ്ല്യു.എസ്.സി2/2014/ലെജി)** |
| **68.** | തലശ്ശേരി താലൂക്ക് ജനറൽ ആശുപത്രിയിലെ ജെറിയാട്രിക് വാർഡിൽ റാമ്പും എലിവേറ്ററും നിർമ്മിക്കണമെന്നാവശ്യപ്പെട്ട് കേരള സീനിയർ സിറ്റിസൺസ് ഫോറം, കാവുംഭാഗം യൂണിറ്റ്, കണ്ണൂർ സമർപ്പിച്ച ഹർജി.<br>**(ഫയൽ നം. 22580/സി.ഡബ്ല്യു.എസ്.സി2/2014/ലെജി)** |
| **69.** | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. ബാലൻ ഓളിയക്കാൽ സമർപ്പിച്ച ഹർജി.<br>**(ഫയൽ നം. 14234/സി.ഡബ്ല്യു.എസ്.സി2/2017/ലെജി)** |
| **70.** | ബണ്ട് നിർമ്മിച്ച വെള്ളം തടയുന്നതിനെതിരെയും അയൽവാസിയുടെ പീഡനത്തിനെതിരെയും നടപടി ആവശ്യപ്പെട്ട് ശ്രീ. എം. രാജാമണി മാസ്റ്റർ, പാലക്കാട് സമർപ്പിച്ച ഹർജി.<br>**(ഫയൽ നം. 15693/സി.ഡബ്ല്യു.എസ്.സി2/2017/ലെജി)** |
| **71.** | ഹൈക്കോടതിയിൽ കെട്ടികിടക്കുന്ന മുതിർന്ന പൗരൻമാരുടെ കേസുകൾ തീർപ്പാക്കാമെന്നാവശ്യപ്പെട്ട് ശ്രീ. മുഹമ്മദ് ഷെരീഫ്, തൃശൂർ സമർപ്പിച്ച ഹർജി.<br>**(ഫയൽ നം. 20032/സി.ഡബ്ല്യു.എസ്.സി2/2017/ലെജി )** |
| **72.** | സർക്കാർ ഓഫീസുകളുടെ മുകളിലത്തെ നിലകളിൽ കയറുന്നതിന് സൗകര്യമൊരുക്കണമെന്നവശ്യപ്പെട്ട് ശ്രീ. ശശിധരൻ കെ. ജി., തൃശൂർ സമർപ്പിച്ച ഹർജി.<br>**(ഫയൽ നം. 20033/സി.ഡബ്ല്യു.എസ്.സി2/2017/ലെജി )** |
| **73.** | റോഡിലെ കുഴികൾ നികത്തി ടാർ ചെയ്യുന്നതിനും അപകടകരമായി നിൽക്കുന്ന മരങ്ങൾ മുറിച്ചു മാറ്റുന്നതിനും നടപടി ആവശ്യപ്പെട്ട് ശ്രീ. പി. പി. ജോസഫ്, തൃശൂർ സമർപ്പിച്ച ഹർജി. |

| | |
|---|---|
| | (ഫയൽ നം. 20378/സി.ഡബ്ല്യു.എസ്.സി2/2017/ലെജി) |
| 74. | വാർദ്ധക്യകാല പെൻഷൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് സിസ്റ്റർ സാറാക്കുട്ടി പി. വി., കോതമംഗലം സമർപ്പിച്ച ഹർജി.<br>(ഫയൽ നം. 23029/സി.ഡബ്ല്യു.എസ്.സി2/2017/ലെജി) |
| 75. | കളക്ടർക്ക് നൽകിയ പരാതിയിൽ ശരിയായ അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. എസ് കൃഷ്ണൻകുട്ടി നായർ, തിരുവനന്തപുരം സമർപ്പിച്ച ഹർജി.<br>(ഫയൽ നം. 23587/സി.ഡബ്ല്യു.എസ്.സി2/2017/ലെജി) |
| 76. | കടം വാങ്ങിയ തുക തിരികെ നൽകാതെ എതിർകക്ഷികൾ കള്ളക്കേസിൽ കുടുക്കുന്നതിനെതിരെ നടപടി ആവശ്യപ്പെട്ട് ശ്രീ വിശ്വമോഹൻ, കൊല്ലം സമർപ്പിച്ച ഹർജി.<br>(ഫയൽ നം. 25060/സി.ഡബ്ല്യു.എസ്.സി2/2017/ലെജി) |
| 77. | കർഷക പെൻഷൻ പുനഃസ്ഥാപിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. പി. ഭാസ്കരൻ പിള്ള, കൊല്ലം സമർപ്പിച്ച ഹർജി.<br>(ഫയൽ നം. 25071/സി.ഡബ്ല്യു.എസ്.സി2/2017/ലെജി) |
| 78. | കൃത്രിമ രേഖയുണ്ടാക്കി വസ്തു കൈക്കലാക്കിയതിനെതിരെ നടപടി ആവശ്യപ്പെട്ട് ശ്രീ. ഭാസ്കരൻ, കോഴിക്കോട് സമർപ്പിച്ച ഹർജി.<br>(ഫയൽ നം. 14949/സി.ഡബ്ല്യു.എസ്.സി2/2018/ലെജി) |
| 79. | മകന്റെ ഉപദ്രവങ്ങളിൽ നിന്നും സംരക്ഷണം ആവശ്യപ്പെട്ട് ശ്രീമതി രുദ്രാണി, ആലപ്പുഴ സമർപ്പിച്ച ഹർജി.<br>(ഫയൽ നം. 18185/സി.ഡബ്ല്യു.എസ്.സി2/2018/ലെജി) |
| 80. | തയ്യൽ തൊഴിലാളി ക്ഷേമ നിധി ബോർഡിൽ നിന്നും പെൻഷൻ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി. എം. ഗിരിജാകുമാരി, ആലപ്പുഴ സമർപ്പിച്ച ഹർജി.<br>(ഫയൽ നം. 18187/സി.ഡബ്ല്യു.എസ്.സി2/2018/ലെജി) |
| 81. | വാർദ്ധക്യകാല പെൻഷൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ഉർമീസ് ജോസഫ്, ആലപ്പുഴ സമർപ്പിച്ച ഹർജി.<br>(ഫയൽ നം. 18190/സി.ഡബ്ല്യു.എസ്.സി2/2018/ലെജി) |
| 82. | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് സീനിയർ സിറ്റിസൺസ് ഫ്രണ്ട്സ് വെൽഫെയർ അസോസിയേഷൻ , മലപ്പുറം സമർപ്പിച്ച ഹർജി.<br>(ഫയൽ നം. 22058/സി.ഡബ്ല്യു.എസ്.സി2/2018/ലെജി) |
| 83. | കുടുംബസ്വത്തിലെ വിഹിതം ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി. തട്ടിക്കുട്ടി പാത്തുമ്മ, കണ്ണൂർ സമർപ്പിച്ച ഹർജി.<br>(ഫയൽ നം. 23555/സി.ഡബ്ല്യു.എസ്.സി2/2018/ലെജി) |
| 84. | തലശ്ശേരി മുൻസിപ്പൽ ബസ് സ്റ്റാൻഡിൽ വെയ്റ്റിംഗ് ഷെഡും മൂത്രപ്പുരയും സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് കേരള സീനിയർ സിറ്റിസൺസ് ഫോറം ജില്ലാ സെക്രട്ടറി ശ്രീമതി ടി. പത്മിനി, കണ്ണൂർ സമർപ്പിച്ച ഹർജി.<br>(ഫയൽ നം. 23557/സി.ഡബ്ല്യു.എസ്.സി2/2018/ലെജി) |
| 85. | ജന്മഭൂമി പത്രത്തിലെ 29.08.2018-ലെ പത്രവാർത്ത റിപ്പോർട്ട് ആവശ്യപ്പെടുന്നത് സംബന്ധിച്ച്.<br>(ഫയൽ നം. 23559/സി.ഡബ്ല്യു.എസ്.സി2/2018/ലെജി) |

| | |
|---|---|
| **86.** | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് കേരള സീനിയർ സിറ്റിസൺസ് ഫോറം, കണ്ണൂർ സമർപ്പിച്ച ഹർജി.<br>**(ഫയൽ നം. 23564/സി.ഡബ്ല്യു.എസ്.സി2/2018/ലെജി)** |
| **87.** | വയോജനങ്ങൾക്കുള്ള മെഡിക്കൽ പരിശോധന ആഴ്ചയിൽ രണ്ടു ദിവസമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. പി. കുഞ്ഞിക്കണ്ണൻ, കണ്ണൂർ സമർപ്പിച്ച ഹർജി.<br>**(ഫയൽ നം. 23574/സി.ഡബ്ല്യു.എസ്.സി2/2018/ലെജി)** |
| **88.** | മകന്റെ ഉപദ്രവങ്ങളിൽ നിന്നും സംരക്ഷണം ആവശ്യപ്പെട്ട് ശ്രീ. ചാക്കു, തൃശൂർ സമർപ്പിച്ച ഹർജി.<br>**(ഫയൽ നം. 23679/സി.ഡബ്ല്യു.എസ്.സി2/2018/ലെജി)** |
| **89.** | ക്ഷീരകർഷക പെൻഷൻ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി. പി. പി. കാർത്ത്യായനി , കണ്ണൂർ സമർപ്പിച്ച ഹർജി.<br>**(ഫയൽ നം. 25591/സി.ഡബ്ല്യു.എസ്.സി2/2018/ലെജി)** |
| **90.** | വാർദ്ധക്യകാല പെൻഷൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി. പി. പത്മിനി, കണ്ണൂർ സമർപ്പിച്ച ഹർജി.<br>**(ഫയൽ നം. 25595/സി.ഡബ്ല്യു.എസ്.സി2/2018/ലെജി)** |
| **91.** | പെൻഷൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ഗണേശൻ പിള്ള, കൊല്ലം സമർപ്പിച്ച ഹർജി.<br>**(ഫയൽ നം. 14580/സി.ഡബ്ല്യു.എസ്.സി2/2019/ലെജി)** |
| **92.** | ക്ഷീര കർഷ പെൻഷൻ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. എ. വി. ജോസ്, വയനാട് സമർപ്പിച്ച ഹർജി.<br>**(ഫയൽ നം. 14608/സി.ഡബ്ല്യു.എസ്.സി2/2019/ലെജി)** |
| **93.** | വാർദ്ധക്യകാല പെൻഷൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. എ. വേലായുധൻ, വയനാട് സമർപ്പിച്ച ഹർജി.<br>**(ഫയൽ നം. 14610/സി.ഡബ്ല്യു.എസ്.സി2/2019/ലെജി)** |
| **94.** | മകൻ വീട്ടിൽ നിന്നും മർദ്ദിച്ച് ഇറക്കി വിട്ടതിനെതിരെ നടപടി ആവശ്യപ്പെട്ട് ശ്രീ. പാറയിൽ ശശി, വയനാട് സമർപ്പിച്ച ഹർജി.<br>**(ഫയൽ നം. 14820/സി.ഡബ്ല്യു.എസ്.സി2/2019/ലെജി)** |
| **95.** | അപേക്ഷിച്ച തീയതി മുതൽ വാർദ്ധക്യകാല പെൻഷൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. പി. കെ. ബാഹുലേയൻ, ആലപ്പുഴ സമർപ്പിച്ച ഹർജി.<br>**(ഫയൽ നം. 14953/സി.ഡബ്ല്യു.എസ്.സി2/2019/ലെജി)** |
| **96.** | മകന്റെ കുടുംബത്തിന് റേഷൻ കാർഡ് അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി മാണിക്കം, വയനാട് സമർപ്പിച്ച ഹർജി.<br>**(ഫയൽ നം. 15187/സി.ഡബ്ല്യു.എസ്.സി2/2019/ലെജി)** |
| **97.** | തേഞ്ഞിപ്പലം സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും ശ്രീ. ദാസൻ വി. പി. എടുത്ത വായ്പ എഴുതിത്തള്ളണമെന്നാവശ്യപ്പെട്ട് ശ്രീ. ഗിരീഷ് വി., മലപ്പുറം സമർപ്പിച്ച ഹർജി.<br>**(ഫയൽ നം. 20997/സി.ഡബ്ല്യു.എസ്.സി2/2019/ലെജി)** |
| **98.** | ഭൂമി പതിച്ചു നൽകണമെന്നാവശ്യപ്പെട്ട് ശ്രീ. പി. എം. ബാലകൃഷ്ണൻ, കോഴിക്കോട് സമർപ്പിച്ച ഹർജി. |

| | |
|---|---|
| | (ഫയൽ നം. 21685/സി.ഡബ്ല്യു.എസ്.സി2/2019/ലെജി) |
| 99. | വസ്തു പോക്കുവരവ് ചെയ്തു കിട്ടുന്നതിനും കരം സ്വീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. എ.കെ. കോമള, ആലപ്പുഴ സമർപ്പിച്ച ഹർജി.<br>(ഫയൽ നം. 23601/സി.ഡബ്ല്യു.എസ്.സി2/2019/ലെജി) |
| 100. | വീട്ടിലേയ്ക്കുള്ള വഴി തടസ്സപ്പെടുത്തരുതെന്ന് ആവശ്യപ്പെട്ട് ശ്രീമതി. ലീല, കോഴിക്കോട് സമർപ്പിച്ച ഹർജി.<br>(ഫയൽ നം. 14808/സി.ഡബ്ല്യു.എസ്.സി2/2020/ലെജി) |
| 101. | ചികിത്സയ്ക്ക് ധനസഹായം അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. പി. പി. കുഞ്ഞൻ, എറണാകുളം സമർപ്പിച്ച ഹർജി.<br>(ഫയൽ നം. 15633/സി.ഡബ്ല്യു.എസ്.സി2/2020/ലെജി) |
| 102. | കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ നിധിയിൽ നിന്നും മുടക്കം കൂടാതെ പെൻഷൻ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. സി. കെ. സുകുമാരൻ, തിരുവനന്തപുരം സമർപ്പിച്ച ഹർജി.<br>(ഫയൽ നം. 15777/സി.ഡബ്ല്യു.എസ്.സി2/2020/ലെജി) |
| 103. | വീടും സ്ഥലവും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി. രാജലക്ഷ്മി, പത്തനംതിട്ട സമർപ്പിച്ച ഹർജി.<br>(ഫയൽ നം. 15824/സി.ഡബ്ല്യു.എസ്.സി2/2020/ലെജി) |
| 104. | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. ദേവരാജൻ, തിരുവനന്തപുരം സമർപ്പിച്ച ഹർജി.<br>(ഫയൽ നം. 15872/സി.ഡബ്ല്യു.എസ്.സി2/2020/ലെജി) |
| 105. | മുൻകാല പ്രാബല്യത്തോടെ വാർദ്ധക്യകാല പെൻഷൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. പവിത്രൻ എം. എൻ., കോഴിക്കോട് സമർപ്പിച്ച ഹർജി.<br>(ഫയൽ നം. 16024/സി.ഡബ്ല്യു.എസ്.സി2/2020/ലെജി) |
| 106. | കയർ തൊഴിലാളി പെൻഷൻ ലഭിക്കുന്നവർക്ക് വാർദ്ധക്യകാല പെൻഷൻ നിഷേധിച്ചതിനെതിരെ നടപടി ആവശ്യപ്പെട്ട് ശ്രീ. സുകുമാരൻ, ആലപ്പുഴ സമർപ്പിച്ച ഹർജി.<br>(ഫയൽ നം. 16045/സി.ഡബ്ല്യു.എസ്.സി2/2020/ലെജി) |
| 107. | ടി.ഡി.എസ് ആയി പിടിച്ച തുക പാൻ നമ്പറിൽ അടയ്ക്കാത്തതിനെതിരെ നടപടി ആവശ്യപ്പെട്ട് ശ്രീ. കെ. ബി. പീറ്റർ, എറണാകുളം സമർപ്പിച്ച ഹർജി.<br>(ഫയൽ നം. 16055/സി.ഡബ്ല്യു.എസ്.സി2/2020/ലെജി) |
| 108. | ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമി കരഭൂമിയാക്കുന്നതിന് സമർപ്പിച്ച അപേക്ഷയിന്മേൽ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി. സരസ്വതി, കാസർഗോഡ് സമർപ്പിച്ച ഹർജി.<br>(ഫയൽ നം. 16161/സി.ഡബ്ല്യു.എസ്.സി2/2020/ലെജി) |
| 109. | ഭാര്യാസഹോദരന്റെ ഉപദ്രവങ്ങളിൽ നിന്നും സംരക്ഷണം ആവശ്യപ്പെട്ട് ശ്രീ. മോഹനൻ. പി ., കണ്ണൂർ സമർപ്പിച്ച ഹർജി.<br>(ഫയൽ നം. 16194/സി.ഡബ്ല്യു.എസ്.സി2/2020/ലെജി) |
| 110. | ആർ.ഡി.ഒ കോടതിയിലെ കേസ് തീർപ്പാക്കണമെന്നും മക്കളിൽ നിന്നും ചെലവിനുള്ള പണമ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് ശ്രീ. ജോസഫ് അഗസ്റ്റി, കോട്ടയം സമർപ്പിച്ച ഹർജി.<br>(ഫയൽ നം. 16479/സി.ഡബ്ല്യു.എസ്.സി2/2020/ലെജി) |

| | |
|---|---|
| **111.** | കുടിവെള്ളം ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി. ജെ. റോസ്സാൾ, തിരുവനന്തപുരം സമർപ്പിച്ച ഹർജി.<br>**(ഫയൽ നം. 16588/സി.ഡബ്ല്യു.എസ്.സി2/2020/ലെജി)** |
| **112.** | വീട് ഇരിക്കുന്ന സ്ഥലം സൗജന്യ പട്ടയത്തിൽ ഉൾപ്പെടുത്തി പതിച്ചു നൽകണമെന്നാവശ്യപെട്ട് ശ്രീ. ഏബ്രഹാം ജെയിംസ്, പത്തനംതിട്ട സമർപ്പിച്ച ഹർജി.<br>**(ഫയൽ നം. 16830/സി.ഡബ്ല്യു.എസ്.സി2/2020/ലെജി)** |
| **113.** | ഭർത്താവിന് പെൻഷൻ ലഭ്യമാക്കണമെന്നും ബി.പി.എൽ റേഷൻകാർഡ് ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് ശ്രീമതി. പത്മം കെ., തിരുവനന്തപുരം സമർപ്പിച്ച ഹർജി.<br>**(ഫയൽ നം. 16954/സി.ഡബ്ല്യു.എസ്.സി2/2020/ലെജി)** |
| **114.** | ബി.പി.എൽ റേഷൻ കാർഡ് എ.എ.വൈ കാർഡാക്കിമാറ്റണമെന്ന് ആവശ്യപ്പെട്ട് ശ്രീ. മാധവൻ, എറണാകുളം സമർപ്പിച്ച ഹർജി.<br>**(ഫയൽ നം. 17369/സി.ഡബ്ല്യു.എസ്.സി2/2020/ലെജി)** |
| **115.** | റീസർവേ റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ പരാതിയിൽ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. കെ. എൻ. നാഗേന്ദ്ര പൈ, എറണാകുളം സമർപ്പിച്ച ഹർജി.<br>**(ഫയൽ നം. 17743/സി.ഡബ്ല്യു.എസ്.സി2/2020/ലെജി)** |
| **116.** | ബി.പി.എൽ കാർഡ് ലഭിക്കുവാൻ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി. ആർ. സരസമ്മ, തിരുവനന്തപുരം സമർപ്പിച്ച ഹർജി.<br>**(ഫയൽ നം. 18345/സി.ഡബ്ല്യു.എസ്.സി2/2020/ലെജി)** |
| **117.** | മെയിന്റനൻസ് ട്രൈബ്യൂണലിന്റെ വിധി നടപ്പിലാക്കണമെന്നും വസ്തു ഭാഗം വച്ചു നൽകണമെന്നും ആവശ്യപ്പെട്ട് ശ്രീമതി. സുമതി, ആലപ്പുഴ സമർപ്പിച്ച ഹർജി.<br>**(ഫയൽ നം. 18516/സി.ഡബ്ല്യു.എസ്.സി2/2020/ലെജി)** |
| **118.** | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ എ. എം. വർഗ്ഗീസ്, പത്തനംതിട്ട സമർപ്പിച്ച ഹർജി.<br>**(ഫയൽ നം. 18926/സി.ഡബ്ല്യു.എസ്.സി2/2020/ലെജി)** |
| **119.** | ബി.എസ്.എൻ.എൽ ടെലിഫോൺ പ്രവർത്തനരഹിതമായതു സംബന്ധിച്ച പരാതിയിന്മേൽ സ്ഥിരം ലോക് അദാലത്ത് നടപടി സ്വീകരിക്കാതിരുന്നതിനെതിരെ ശ്രീ. കരാത്ത് ബാലൻ പാലക്കാട് സമർപ്പിച്ച ഹർജി.<br>**(ഫയൽ നം. 22681/സി.ഡബ്ല്യു.എസ്.സി2/2020/ലെജി)** |
| **120.** | മകൻ സംരക്ഷിക്കാത്തതിനെതിരെ നടപടി ആവശ്യപ്പെട്ടും ബാങ്കിന്റെ ജപ്തി നടപടിയിൽ നിന്നും ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടും ശ്രീ. മഹേന്ദ്രൻ, ശ്രീമതി. വിജയമ്മ, കൊല്ലം എന്നിവർ സമർപ്പിച്ച ഹർജി.<br>**(ഫയൽ നം. 3045/സി.ഡബ്ല്യു.എസ്.സി2/2021/ലെജി)** |
| **121.** | ഭാര്യാസഹോദരപുത്രൻ ദേഹോപദ്രവം ഏൽപ്പിച്ചതിനെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. രാഘവൻ പൊന്നപ്പൻ, കോട്ടയം സമർപ്പിച്ച ഹർജി.<br>**(ഫയൽ നം. 5458/സി.ഡബ്ല്യു.എസ്.സി2/2021/ലെജി)** |
| **122.** | വസ്തു കയ്യേറി റോഡ് നിർമ്മിച്ചതിനെതിരെ നടപടി ആവശ്യപ്പെട്ട് ശ്രീ. രാമപാർത്ഥൻ, കൊല്ലം സമർപ്പിച്ച ഹർജി.<br>**(ഫയൽ നം. 7518/സി.ഡബ്ല്യു.എസ്.സി2/2021/ലെജി)** |

| | |
|---|---|
| 123. | മകന്റെയും മരുമകളുടെയും ഉപദ്രവത്തിൽ നിന്നും സംരക്ഷണം നൽകണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി. രാജമ്മ, കൊല്ലം സമർപ്പിച്ച ഹർജി.<br>**(ഫയൽ നം. 11608/സി.ഡബ്ല്യു.എസ്.സി2/2021/ലെജി)** |
| 124. | ശമ്പള കുടിശ്ശിക ലഭിക്കാത്തത് സംബന്ധിച്ച് ശ്രീ. പി. ഭവദാസൻ, ചേർത്തല സമർപ്പിച്ച ഹർജി.<br>**(ഫയൽ നം. 16501/സി.ഡബ്ല്യു.എസ്.സി2/2021/ലെജി)** |
| 125. | വീട്ടുടമസ്ഥന്റെ ഉപദ്രവത്തിൽ നിന്നും സംരക്ഷണം നൽകണമെന്നാവശ്യപ്പെട്ട് ശ്രീ. ഹിരൺ കെ. ഷാ., കോഴിക്കോട് സമർപ്പിച്ച ഹർജി.<br>**(ഫയൽ നം. 11399/സി.ഡബ്ല്യു.എസ്.സി2/2022/ലെജി)** |
